അറിവിൽ നിറയാൻ... നിറവിൽ വളരാൻ...

# സ്നേഹദൂത്

Since 1997



St. Sebastian's Church, Nellikkunnu
Thrissur - 680 005, Ph : 2422324
E-mail Church : nellikkunnusebastian@gmail.com
facebook : snehadoothuNellikkunnu
www.nellikunnuchurch.com





## പത്രാധിപ സമിതി

**എഡിറ്റർ**
റവ. ഫാ. ജെയിംസ് പോൾ വടക്കൂട്ട്
Mob : 9847695401

**അസോസിയേറ്റ് എഡിറ്റർ**
ഫാ. ജിതിൻ നെല്ലങ്കര Mob:9544951206

**മാനേജിങ് എഡിറ്റർ**
ഡോ. ബിനോയ് സി. എഫ്. Mob:8921645795

**സെക്രട്ടറി**
ലിയോ കെ. ആന്റണി Mob:7012803077

**ട്രഷറർ**
ജേക്കബ് ജോർജ്ജ് കാഞ്ഞൂക്കാരൻ
Mob:9388915965

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**
ഫ്രാങ്കോ കെ. ഡി. Mob:9495246401
ജോസഫ് ഒ. ഡി. Mob:9847607508
സജു ജോസ് Mob:7306005733
സി. നീത ടെസിൻ Mob:6238711551
നിമ്മി ആന്റലോ Mob:9544022444
ജോളി മൈക്കിൾ Mob:8281150281
സനിൽ ലാസർ Mob:9383449428
മിനി ജോർജ്ജ് Mob:8086701198





നവംബർ - 2023
പുസ്തകം - 25, ലക്കം - 11


## ഉള്ളടക്കം


- ☆എഡിറ്റോറിയൽ
- ☆ഇടയസന്ദേശം
- ☆കൊച്ചച്ചന്റെ സന്ദേശം
- ☆കുടുംബ പ്രതിഷ്ഠ ദിവസങ്ങൾ
- ☆വി. ലെയൊനാർഡ്
- ☆പൊരുളറിയാൻ
- ☆കഥ
- ☆ക്രിസ്തുവിനു പിന്നാലെ
- ☆ദിവ്യകാരുണ്യ അത്ഭുതങ്ങൾ
- ☆ചിന്താവിഷയം
- ☆ലേഖനം
- ☆ചെറുകഥ
- ☆ഫീച്ചർ
- ☆ചുറ്റുവട്ടം
- ☆കളറിങ്ങ്
- ☆ചിന്താസരണി
- ☆ക്വിസ് മത്സരങ്ങൾ
- ☆കുടുംബകൂട്ടായ്മ – വചനവായന
- ☆ഓർമ്മദിനങ്ങൾ
- ☆പ്രതിനിധിയോഗ തീരുമാനങ്ങൾ
- ☆വചനകലണ്ടർ



ട്രസ്റ്റികൾ : പല്ലൻ പൈലോത് രാജൻ Mob : 9745459244, കോട്ടപ്പറമ്പിൽ ജോൺ ബിജു Mob : 9846870982,
വാഴപ്പിള്ളി പീറ്റർ ഫെല്ലർ Mob : 9048990915, അക്കര ജോണി ജോൺസൻ Mob : 9961350951
ദേവാലയ ശുശ്രൂഷി : സജു ജോസ് Mob : 7306005733 ഓഫീസ് മാനേജർ : ജേക്കബ്ബ് കാഞ്ഞൂക്കാരൻ Mob : 9388915965



Printed & Published by Fr. James Paul Vadakkoott, St. Sebastian's Church, Nellikkunnu,
Ph : 2422324, Mob : 9188779324. Snehadoothu Parish Bulletin (For Private Circulation Only).
Lay-out and Designing Concept (Prasoon) : 9747464398. Printed at Lourdenatha Press, Thrissur. Ph : 0487-2322199.


## വി. കുർബാന സമയങ്ങൾ

സാധാരണ ദിവസങ്ങളിൽ : 6 am, 7 am
വ്യാഴാഴ്ചകളിൽ : 5 pm
ഞായറാഴ്ചകളിൽ : 6 am, 7.30 am, 9 am, 5 pm

**പള്ളി ഓഫീസ് സമയം :**

8.30 am to 12.30 pm 3.30 pm to 6.45 pm
(ഞായർ മുടക്കം)




# യുദ്ധവും ഭീകരവാദവും മനുഷ്യനന്മക്ക് ഭീഷണി

ഹമാസ് ഭീകരവാദികൾ ഇസ്രായേലിൽ കയറി കൂട്ടക്കൊല നടത്തുകയും മിസൈൽ ആക്രമണത്തിലൂടെ നിരപരാധികളെ കൊന്നൊടുക്കുകയും നിരവധി മനുഷ്യരെ ബന്ദികളാക്കി കൊണ്ടുപോകുകയും ചെയ്തതോടെ ആരംഭിച്ച യുദ്ധം ദിവസങ്ങൾ പിന്നിട്ടിട്ടും കലുഷിതമായി തുടരുന്നു. സുസജ്ജരായ ഇസ്രായേൽ സൈന്യത്തിൽ നിന്നും തിരിച്ചടി ഉറപ്പായിട്ടും ഹമാസ് എന്തിനാണ് ആക്രമണത്തിന് തുനിഞ്ഞത് എന്നതിനു സാധാരണ ജനങ്ങൾക്കു ഉത്തരമില്ലെങ്കിലും ജിഹാദികൾക്കു കൃത്യമായ ലക്ഷ്യങ്ങളുണ്ടാകാം. പക്ഷെ അതിന്റെ വില കൊടുക്കേണ്ടി വരുന്നത് ഇസ്രായേലിലും ഗാസയിലും ഉള്ള കുഞ്ഞുങ്ങളും ഗർഭിണികളും ഉൾപ്പെടെയുള്ള സാധാരണ ജനങ്ങളാണ്. യുദ്ധപരിഹാരത്തിനു വൈകുന്ന ഓരോ നിമിഷത്തിനും നിരപരാധികളുടെ രക്തത്തിന്റെ വിലയാണ് നൽകേണ്ടി വരുന്നത്. അത് ആധുനിക മനുഷ്യസമൂഹ നിർമ്മിതിക്ക് ഒരിക്കലും ഭൂഷണമല്ല.

ഇസ്രായേൽ - പലസ്തീൻ സംഘർഷം ചരിത്രവസ്തുതകളുടെ മാത്രം പിൻബലത്തിൽ പരിഹരിക്കാനാവില്ല. കാരണം, ഓരോ കാലഘട്ടത്തിലും ചരിത്രത്തെ തങ്ങൾക്കനുകൂലമായി വളച്ചൊടിക്കാനുള്ള ബോധപൂർവ്വമായ ശ്രമം നടന്നിട്ടുണ്ട് എന്നത് വസ്തുതയാണ്. വർത്തമാന സാഹചര്യങ്ങളെ കൂടി അംഗീകരിക്കുന്ന പ്രായോഗികതയാണ് പ്രശ്നപരിഹാരത്തിനും ശാശ്വതസമാധാനത്തിനും ആവശ്യം. അതിനായി യുഎൻ അടിയന്തിരമായി ഇടപെടുകയും ഇരുവിഭാഗങ്ങളും മനുഷ്യനന്മയെ കരുതി വിട്ടുവീഴ്ചകൾക്കു തയ്യാറാവുകയും വേണം. ഇസ്രായേൽ ആക്രമണം തുടക്കം മാത്രമാണെന്നും യഹൂദരും ക്രൈസ്തവരും ഇല്ലാത്ത ലോകമാണ് ലക്ഷ്യമെന്നുമുള്ള ഹമാസിന്റെ ഭീകരനിലപാട് ഒരിക്കലും സമാധാനാന്തരീക്ഷം പുനഃസ്ഥാപിക്കാൻ പ്രയോജനകരമല്ല. ഭീകരവാദം ഏത് മതവിഭാഗത്തിന്റേതായാലും അതിനെ ഒറ്റപ്പെടുത്തുന്ന നിലപാടുകൾ ലോകരാജ്യങ്ങൾ സ്വീകരി

(തുടർച്ച പേജ് 5ൽ)






മിശിഹായ്ക്ക് പ്രിയപ്പെട്ടവരെ,

ജനിക്കുന്ന മനുഷ്യരിലെല്ലാം നിക്ഷിപ്തമായ ജന്മവാസനയാണ് ജീവിച്ചുകൊണ്ടിരിക്കുവാനുള്ള ആഗ്രഹം. സന്തോഷ, സന്താപ, ഭാവാത്മകമായ പ്രതിഭാസങ്ങൾ മനുഷ്യനിൽ അലിഞ്ഞുചേർന്നതിന്റെ പ്രതിപ്രവർത്തനഫലമാണ് ഇന്ന് ഈ ഭൂമിയിലെ നല്ലതും ചീത്തയുമായ ഫലങ്ങൾ. ജീവിത അന്ത്യത്തെകുറിച്ചും, ജീവിതകാലത്തെ പ്രവർത്തിക്കനുസൃതം ലഭിക്കുന്ന സ്വർഗ്ഗത്തേയും നരകത്തേയും കുറിച്ചും വിശ്വസിക്കുന്നവർ ദൈവത്തെ മഹത്വപ്പെടുത്തി ജീവിക്കുവാൻ ശ്രമിക്കുന്നു. തങ്ങളുടെ ജീവനെപോലെ മറ്റുള്ളവരുടെ ജീവനെ മാനിക്കുന്നു. ദൈവം തന്ന ജീവന്റെ മഹത്വം മനസ്സിലാക്കി തന്റേയും സഹജീവികളുടേയും ജീവന്റെ വിലയും മൂല്യവും ഉയർത്തുവാൻ ശ്രമിക്കുന്നു.

ഭൂമിയിൽ ഉണ്ടാകുന്ന ജീവനൊക്കെയും ഇല്ലാതെയാകും; വളരുന്നതൊക്കെ തളരുകയും നശിക്കുകയും ചെയ്യും; ഇത് പ്രപഞ്ച പ്രതിഭാസവും രഹസ്യവുമാണ്. ഒരു നേട്ടവും സ്ഥായിയായി നിലനില്ക്കില്ല. ഞാൻ ആഗ്രഹിച്ചാലും ഇല്ലെങ്കിലും എന്റെ മരണമാണ് എന്റെ ജീവിതത്തിലെ ഭൂമിയിലെ ഏക യാഥാർത്ഥ്യം.

നമ്മുടെ ആത്മാവ് മാത്രമാണ് നിത്യമായുള്ളത്. ദൈവീകജീവൻ വഴി അത് നിത്യവും മഹത്വപൂർണ്ണമായി ജീവിക്കുന്നു. അതിനുള്ള വഴിയും മാർഗ്ഗവും ക്രിസ്തു തന്റെ ജീവിതത്തിലൂടെ പഠിപ്പിക്കുകയും കാണിച്ചു തരികയും ചെയ്തു. പാപകരമായ ജീവിതം വഴി ആത്മാവിന്റെ ജീവനെ നഷ്ടപ്പെടുത്തുകയും നിത്യമായ നരകത്തിൽ നിരാശയോടെ നിപതിക്കുകയും ചെയ്യുന്നു. ഏത് തരത്തിലുള്ള ജീവിതം; സ്വർഗ്ഗത്തിന്റേയോ നരകത്തിന്റേയോ; നന്മയുടേയോ, തിന്മയുടേയോ എന്ന് തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം

(തുടർച്ച പേജ് 6ൽ)



# കൊച്ചച്ചന്റെ സന്ദേശം

ഹായ് ഫ്രണ്ട്സ്,

പ്രിയപ്പെട്ടവരുടെ വേർപാട്... അത് തികച്ചും വേദനാജനകമാണ്. അത് ഹൃദയത്തോട് ചേർന്ന് നിൽക്കുന്നവരുടെ ആയാൽ, പിന്നെ പറയണ്ടാ. നമുക്ക് ലഭിക്കും എന്നുറപ്പുള്ള ഒന്നേ ഈ ലോകത്തുള്ളൂ... അത് മരണമാണ്. മരണം ഒരു യാഥാർത്ഥ്യമാണ്. ഈ യാഥാർത്ഥ്യത്തെ ഉൾക്കൊണ്ടവനാണ് രക്തസാക്ഷികൾ. മരണം ഭയമല്ല, ജീവിതത്തോടുള്ള സ്നേഹമാണ് നമ്മിൽ ഉളവാക്കേണ്ടത്. കാരണം ഓരോ നിമിഷവും ജീവിതചെയ്തികളെ വിശുദ്ധീകരിക്കാൻ ഇതു സഹായിക്കും. നമ്മുടെ ജീവിതം മരണത്തിൽ കലാശിക്കാനുള്ളതല്ല, നമ്മൾ ലക്ഷ്യം വെയ്ക്കേണ്ടത് സ്വർഗ്ഗമാണ്, നിത്യജീവനാണ്. അതാണ് വി. പൗലോസ് ശ്ലീഹാ പറഞ്ഞത് "എനിക്ക് ജീവിതം ക്രിസ്തുവും, മരണം നേട്ടവുമാണെന്ന്".

നമുക്ക് മരണം ഭയമാണ്, മരിക്കാൻ പേടിയാണ്. അതുകൊണ്ട് മര്യാദയ്ക്ക് ജീവിക്കാൻ പോലും നമുക്ക് പറ്റുന്നില്ല. ഫുൾ ടെൻഷൻ ആണ് നമുക്ക് ജീവിക്കുമ്പോൾ അന്തസ്സായിട്ട് ജീവിക്കാം, അപ്പോ മരിക്കുമ്പോ അന്തസ്സായിട്ട് മരിക്കാം. നമ്മൾ മരിക്കുമ്പോൾ എന്തായാലും എല്ലാവരും നമ്മെക്കുറിച്ച് നല്ലതു പറയും, അതു നമുക്ക് ജീവിച്ചിരിക്കുമ്പോൾ കേൾപ്പിക്കാൻ ശ്രമിച്ചൂടേ. ക്രിസ്തു മരിച്ചത് അപരനുവേണ്ടിയാണ്, പിതാവിന്റെ ഇഷ്ടം നിറവേറ്റാനാണ്. പക്ഷെ, അതു മരണത്തിൽ കലാശിച്ചില്ല, അതു ചെന്നെത്തിയത് ഉയിർപ്പിലാണ്. നമുക്കും ഇപ്പോൾ ആവശ്യം ഒരു ഉയിർപ്പാണ്. സമൂഹത്തിന്റെ അനീതിയും, അസത്യത്തിന്റെ, സ്വാർത്ഥതയുടെ മരണസംസ്കാരത്തിൽ നിന്നുള്ള ഉയിർത്തെഴുന്നേല്പ്.

മരണം വരുമൊരുനാൾ
ഓർക്കുക മർത്യാ നീ...
കൂടെപ്പോരും നിൻ ജീവിത ചെയ്തികളും
സൽകൃത്യങ്ങൾ ചെയ്യുക നീ...
അലസത കൂടാതെ...

with love
**കൊച്ചച്ചൻ**





(പേജ് 2ൽ നിന്ന് തുടർച്ച)

ക്കണം. സമാധാനവും ഐക്യവും പുനഃസ്ഥാപിക്കപ്പെടണം. മദ്ധ്യസ്ഥ ശ്രമങ്ങൾക്കു യുഎൻ മുന്നിട്ടിറങ്ങണം. മതതീവ്രവാദത്തെയും അത്തരം ഭീകരതയെയും പ്രോത്സാഹിപ്പിക്കുന്ന സമീപനം എന്തിന്റെ പേരിലായാലും ഒഴിവാക്കപ്പെടണം. ഭീകരവാദത്തിന്റെയും യുദ്ധത്തിന്റെയും പേരിൽ ഇനിയും നിരപരാധികളെ കുരുതികൊടുത്തുകൂടാ... മനുഷ്യജീവന്റെ മൂല്യം ഉയർത്തിപ്പിടിക്കുന്ന നിലപാടുകൾ പോരടിക്കുന്ന ഇരുവിഭാഗങ്ങളും സ്വീകരിക്കുമെന്നു പ്രത്യാശിക്കാം...

ഏവർക്കും നന്മകൾ നേർന്നുകൊണ്ട്...

**മാനേജിംഗ് എഡിറ്റർ**

(പേജ് 3ൽ നിന്ന് തുടർച്ച)

നമുക്കോരോരുത്തർക്കും ഉണ്ട്; അതനുസരിച്ചായിരിക്കും നമ്മുടെ അന്ത്യവിധി.

ഭൂമിയിൽ സ്വർഗ്ഗോന്മുഖരായി ജീവിച്ച് മരിച്ചുപോയവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും, മരണമെന്ന യാഥാർത്ഥ്യത്തെ ഓർത്ത് സ്വർഗ്ഗോന്മുഖരായി ജീവിക്കുവാനും ഓർമ്മപ്പെടുത്തുന്ന മാസമാണ് നവംബർ. മരിച്ചുപോയ സ്വന്തക്കാരും അല്ലാത്തവരുമായ ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. നമ്മൾ മരിച്ചുകഴിയുമ്പോൾ അന്ന് ജീവിച്ചിരിക്കുന്നവരുടെ പ്രാർത്ഥനയും സഹനവും പുണ്യവും ആവശ്യമാകുമെന്ന് നമുക്ക് ഓർക്കാം. നൽകുന്നവന് നിറച്ച് അളന്ന് തിരിച്ചു നൽകുന്ന നല്ല ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ നമുക്ക് പ്രത്യാശ വെക്കാം. പ്രാർത്ഥനയുടേയും പരിത്യാഗത്തിന്റേയും നല്ല ദിവസങ്ങൾ നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം
നിങ്ങളുടെ വികാരിയച്ചൻ
**ഫാ. ജെയിംസ് വടക്കൂട്ട്**

*Be healthy........ Be safe with Homoeopathy*
**ഡോ. സ്മിത ജോസഫ്** B.H.M.S.
SRA 43, ശാസ്ത്രി റോഡ്, നെല്ലിക്കുന്ന്
**പരിശോധന സമയം** : 4.30 p.m. - 7.30 p.m.
Booking : 9744766901

## കുടുംബ പ്രതിഷ്ഠ ദിവസങ്ങൾ

ഞായർ - വൈകീട്ട് 3 മണി

സാധാരണ ദിവസങ്ങളിൽ - രാത്രി 6 മുതൽ 9 വരെ

ശനിയാഴ്ച ദിവസങ്ങളിൽ ഉണ്ടായിരിക്കുന്നതല്ല.

### CALVARY MEKHALA - NOVEMBER (ASST. VICAR)

| Sl. | UNIT | No. | Date | Day | PRESIDENT | Phone No. |
|---|---|---|---|---|---|---|
| 1. | St. George | 62 | 6, 7 | Monday, Tuesday | Vincent K. J. | 9895122784 |
| 2. | Don Bosco | 24 | 5 | Sunday | Siji Wilson | 9400887605 |
| 3. | St. Jude | 53 | 13, 14 | Monday, Tuesday | Jose Chunkapura | 9447086256 |
| 4. | Ave Maria | 30 | 10 | Friday | Linto Puthussery | 8301081924 |
| 5. | St. Raphel | 62 | 8, 9 | Wednesday, Thursday | Prince Varghese | 9995209772 |
| 6. | Holy Family | 70 | 19, 20 | Sunday, Monday | Paulson A. P. | 9846242267 |
| 7. | Lourde Matha | 51 | 15, 16 | Wednesday, Thursday | Sebastian K. S. | 9895062628 |
| 8. | Mary Matha | 34 | 12 | Sunday | Vincy Gem | 7736685561 |

### BETHLEHEM MEKHALA - NOVEMBER (VICAR)

| Sl. | UNIT | No. | Date | Day | PRESIDENT | Phone No. |
|---|---|---|---|---|---|---|
| 9. | St. Clare | 49 | 23, 24 | Thursday, Friday | Jerry James | 9447226869 |
| 10. | St. Paul | 55 | 6, 7 | Monday, Tuesday | Devassy E. A. | 9747563227 |
| 11. | St. Francis | 34 | 5 | Sunday | Byju M. O. | 9544861923 |
| 12. | Sacred Heart | 56 | 16, 17 | Thursday, Friday | Varghese P. O. | 9946837450 |
| 13. | St. Antony | 48 | 21, 22 | Tuesday, Wednesday | Roldan C. V. | 9847864001 |
| 14. | St. Xavier | 34 | 20 | Monday | Jino Jacob | 9846467237 |

### II. JERUSALEM MEKHALA - NOVEMBER (ASST. VICAR)

| Sl. | UNIT | No. | Date | Day | PRESIDENT | Phone No. |
|---|---|---|---|---|---|---|
| 15. | Good Shepherd | 36 | 29 | Wednesday | Simon T. V. | 9962878752 |
| 16. | St. James | 32 | 17 | Friday | Sunny K. A. | 9188669053 |
| 17. | Vimalanatha | 41 | 21, 22 | Tuesday, Wednesday | Prince J. K. | 9249730719 |
| 18. | St. Joseph | 50 | 25, 26 | Saturday, Sunday | Byju Joseph | 9562573921 |
| 19. | St. Marys | 40 | 23, 24 | Thursday, Friday | Pauly K. J. | 8289852569 |





### GALELEE MEKHALA - NOVEMBER (VICAR)

| Sl. | UNIT | No. | Date | Day | PRESIDENT | Phone No. |
|---|---|---|---|---|---|---|
| 20. | St. Vincent De Paul | 25 | 10 | Friday | Jose C. V. | 9847628528 |
| 21. | St. Sebastian | 33 | 26 | Sunday | Johnson T. C. | 9030022501 |
| 22. | St. John | 33 | 14 | Tuesday | Joy M. P. | 9961293525 |
| 23. | St. Mother Theresa | 33 | 13 | Monday | Wilson M. V. | 9647208085 |
| 24. | Evuprasiamma | 30 | 12 | Sunday | Shaibu P. P. | 8129092665 |
| 25. | St. Thomas | 29 | 15 | Wednesday | Franco K. D. | 8606706824 |
| 26. | Little Flower | 36 | 19 | Sunday | George P. D. | 9446488680 |

### പള്ളി വൃത്തിയാക്കേണ്ട യൂണിറ്റുകൾ

| | | | | |
|---|---|---|---|---|
| നവംബർ | 4 ശനി | - | ലൂർദ്ദ്മാത | യൂണിറ്റ് |
| | 11 ശനി | - | ഡോൺബോസ്കോ | ” |
| | 18 ശനി | - | സെ. ജൂഡ് | ” |
| | 25 ശനി | - | മേരിമാത | ” |
| ഡിസംബർ | 01 ശനി | - | സെ. ജെയിംസ് | ” |



പാവനസ്മരണയ്ക്ക്



**7 –ാം ചരമവാർഷികം**

**15-11-2023**

**മാളിയേക്കൽ പൈലോത്**

**മകൻ പൊറിഞ്ചു**

ജനനം : 10 – 09 – 1939

മരണം : 15 – 11 – 2016

എം. ടി. നഗർ, നെല്ലിക്കുന്ന്,

സെ. ആന്റണീസ് യൂണിറ്റ്

“നിങ്ങളുടെ പ്രാർഥനയിൽ എന്നെയും ഓർക്കണമേ.”

22-10-2023 ഞായറാഴ്ച മൂന്നാമത്തെ വി. കുർബാനയ്ക്കു ശേഷം വികാരി ബഹു. ജെയിംസ് പോൾ വടക്കൂട്ടിന്റെ അദ്ധ്യക്ഷതയിൽ, അസി. വികാരി. ഫാ. ജിതിൻ നെല്ലങ്കരയുടെ സാന്നിധ്യത്തിൽ കൂടിയ പള്ളി പൊതുയോഗത്തിന്റെ നിർദേശങ്ങളും ഹാജരും. പ്രാർത്ഥന യോടുകൂടി ആരംഭിച്ച പൊതുയോഗത്തിൽ നടത്തുകൈക്കാരൻ ശ്രീ. രാജൻ പല്ലൻ സ്വാഗതം പറഞ്ഞു.

2024 ജനുവരി 6, 7, 8 തിയ്യതികളിൽ നടത്തുന്ന വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ആഘോഷമായി ഭക്തിനിർഭര മായി നടത്തുവാൻ വികാരിയച്ചൻ ആഹ്വാനം ചെയ്തു. തിരുനാൾ നടത്തിപ്പിനായി താഴെ പറയുന്ന കമ്മിറ്റിയെ യോഗം തെരഞ്ഞെടുത്തു.

| | | |
|---|---|---|
| ജനറൽ കൺവീനർ | : | ബിജു കോട്ടപ്പറമ്പിൽ |
| ജോയിന്റ് കൺവീനർ | : | ജോൺസൻ അക്കര |
| ഫിനാൻസ് കൺവീനർ | : | രാജൻ പല്ലൻ |
| ജോയിൻറ് കൺവീനർ | : | ഫെല്ലർ വാഴപ്പിള്ളി |
| നേർച്ച | : | ജേക്കബ് കാഞ്ഞൂക്കാരൻ |
| ജോയിന്റ് കൺവീനർ | : | ആൻഡ്രൂസ് ടി എം,<br>ഡേവിസ് തൈവളപ്പിൽ |
| അമ്പ് എടുത്തുവയ്ക്കൽ | : | വിൽസൺ മുക്കുങ്കൽ |
| ജോയിന്റ് കൺവീനർ | : | ആന്റോ തെക്കിനിയത് |
| പ്രദക്ഷിണ വീഥി അലങ്കാരം | : | ജോയി ചൂണ്ടൽ |
| ജോയിന്റ് കൺവീനർ | : | റോയ്സൻ സി. പി.,<br>ജേയ്സൺ പി.കെ |
| പള്ളി അലങ്കാരം | : | സിൽവെറ്റ് ജോർജ് |
| ജോയിന്റ് കൺവീനർ | : | ജെസ്സി ജോയ് |
| പബ്ലിസിറ്റി | : | ലിയോ പഞ്ഞിക്കാരൻ |
| ജോയിന്റ് കൺവീനർ | : | വർഗീസ് വാകയിൽ,<br>ലിജോ സി. ജെ. |
| വർണ്ണക്കാഴ്ച | : | ദേവസി പാലത്തിങ്കൽ |
| ജോയിന്റ് കൺവീനർ | : | ഷൈജു പി. ടി.,<br>ജോയ് എം. പി. |





| | | |
|---|---|---|
| ലൈറ്റ് ആൻഡ് സൗണ്ട് | : | സണ്ണി കെ. പി. |
| ജോയിന്റ് കൺവീനർ | : | ടോണി എൻ പി,<br>ഒ.ഡി.ജോസഫ് |
| ഡിസിപ്ലിൻ | : | ജിനോ ജേക്കബ് |
| ജോയിന്റ് കൺവീനർ | : | ലിയോ തോമസ്,<br>ജോസ്സി ലൈജു |
| ഫുഡ് ആൻഡ് റിഫ്രഷ്മെന്റ് | : | ഷെറിൻ ജോയ് |
| ജോയിന്റ് കൺവീനർ | : | പ്രിൻസ് പുതുശ്ശേരി |
| എന്റർടൈമെന്റ് | : | ബാബു മേച്ചേരി |
| ജോയിന്റ് കൺവീനർ | : | ജിൽസൺ ജോസ്,<br>ജോസ് തണ്ടാശ്ശേരി |

തിരുനാൾ കമ്മിറ്റിയുമായി എല്ലാവരും ഒന്നിച്ചു സഹകരിച്ചു പ്രവർത്തിക്കണമെന്നും യോഗത്തിലെ എല്ലാവർക്കും ബഹു. കൊച്ചച്ചൻ നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**ഡോ. ലിഖിൻ സൈമൺ തൈക്കാട്ടിൽ (സെക്രട്ടറി**





**15-ാം ചരമവാർഷികം**

**(04.11.2023)**

**കാട്ടൂക്കാരൻ പൊറിഞ്ചു**

**ഭാര്യ മേരി**

ഗുഡ്ഷെപ്പേർഡ് യൂണിറ്റ്
പ്രിയദർശിനി നഗർ

**ജനനം : 06.10.1918**
**മരണം : 04.11.2008**

ജീവിച്ചിരുന്നപ്പോൾ നിങ്ങൾ എന്നെ സ്നേഹിച്ചു തുടർന്നും
നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെ സ്മരിക്കണമേ.

Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE

ബഹുമാനപ്പെട്ട വികാരിയച്ചാ,

സാധാരണക്കാരായ രോഗികൾക്ക്, ജൂബിലി മിഷൻ ആശുപത്രിയിലെ ചികിത്സാ ചിലവിൽ 40% വരെ കിഴിവ് ലഭിക്കുന്ന ജൂബിലി കെയർ കാർഡ് എന്ന പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ താഴെ ചേർക്കുന്നു.

1. വാർഡിൽ അഡ്മിറ്റാകുന്നവർക്ക് മാത്രമേ ജൂബിലി കെയർ കാർഡ് ആനുകൂല്യം ലഭ്യമാകൂ.

2. ഇടവകയിലെ അർഹരായ വ്യക്തികൾക്ക് ജൂബിലി കെയർ കാർഡ് പ്രകാരം (മഞ്ഞ കാർഡ്) വാർഡ് ഐ.പി. ബില്ലിൽ 40% ഇളവ് ആയിരിക്കും ലഭിക്കുക (മരുന്നുകൾ, ഇംപ്ലാന്റ്, മറ്റ് ഔട്ട് സോഴ്സിങ്ങ് സേവനങ്ങൾ ഒഴികെ)

3. ഇടവകാതിർത്തിയിലെ അർഹരായ മറ്റു മതസ്ഥർക്ക് (പിങ്ക് കാർഡ്) വാർഡ് ഐ.പി. ബില്ലിൽ 30% ഇളവ് ആയിരിക്കും ലഭിക്കുക (മരുന്നുകൾ, ഇംപ്ലാന്റ്, മറ്റ് ഔട്ട് സോഴ്സിങ്ങ് സേവനങ്ങൾ ഒഴികെ)

4. അഡ്മിറ്റ് ആകുന്ന സമയത്ത് ജൂബിലി കെയർ കാർഡ് ഹാജരാക്കേണ്ടതാണ്.

5. ഈ കാർഡിന്റെ കാലപരിധി 2024 ജൂൺ 30 വരെ മാത്രം.

6. കാർഡ് കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല.

7. മറ്റ് സാമ്പത്തിക സഹായ പദ്ധതികളുടെ കൂടെ (ഇൻഷുറൻസ്, ഇ.എസ്.ഐ., ഇ.സി.എച്ച്.എസ്., കാരുണ്യ, മറ്റ് ഇളവുകൾ മുതലായവ) ജൂബിലി കെയർ കാർഡിന്റെ ആനുകൂല്യം ലഭ്യമാകുന്നതല്ല.

8. കാർഡിൽ കൊടുത്തിരിക്കുന്ന രോഗിയുടെ പേര്, ഇടവക വികാരിയുടെ പേര്, ഇടവകയുടെ പേര്, കാർഡ് കൊടുത്ത തിയ്യതി, ഇടവക വികാരിയുടെ ഒപ്പ്, ഇടവകയുടെ സീൽ എന്നിവ കാർഡിൽ വ്യക്തമായി പൂരിപ്പിക്കേണ്ടതാണ്.

ഈ പദ്ധതി ഇടവകാംഗങ്ങൾക്കും മറ്റ് അർഹരായ വ്യക്തികൾക്കും പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

Jubilee Mission Medical College Hospital THRISSUR 680005

സ്നേഹപൂർവ്വം,

ഫാ. റെന്നി മുണ്ടൻകുരിയൻ
ഡയറക്ടർ, ജൂബിലി മിഷൻ ആശുപത്രി





# നോബ്ളാക്കിലെ വി. ലെയൊനാർഡ്



**നവംബർ 6**

ബ്രദർ. സനിൽ മേനാച്ചേരി

“നിങ്ങൾ എല്ലായ്പ്പോഴും സുവിശേഷം പ്രഘോഷിക്കുവിൻ. അത്യാവശ്യമെങ്കിൽ വാക്കുകൾ ഉപയോഗിക്കുവിൻ” (വി. ഫ്രാൻസീസ് അസ്സീസി)

ക്ളോവിസുപ്രഥമൻ രാജാവിന്റെ കൊട്ടാരത്തിലെ ഒരു പ്രശസ്ത ഉദ്യോഗസ്ഥനായിരുന്നു ലെയൊനാർഡ്. വി. റെമീജിയൂസാണ് അദ്ദേഹത്തെ ക്രിസ്തുമതത്തിലേക്കു മാനസാന്തരപ്പെടുത്തിയത്.

സ്വർഗ്ഗീയ മഹത്വത്തെപ്പറ്റി പഠിച്ച ഉടനെ അദ്ദേഹം കൊട്ടാരത്തിലെ ഉദ്യോഗം ഉപേക്ഷിച്ചു വി. റെമീജിയൂസിന്റെ ശിഷ്യനായി. ഗുരുവിന്റെ നിഷ്കപടതയും വിനയവും ഉപവിയും തീക്ഷ്ണതയും അദ്ദേഹത്തെ വല്ലാതെ ആകർഷിപ്പിച്ചു. രാജാവു പിന്നെയും തന്നെ കൊട്ടാരത്തിലേക്കു ക്ഷണിച്ചുകൊണ്ടിരുന്നതിനാൽ ആ സ്ഥലം വിട്ട് കൂടുതൽ ഏകാന്തതക്കു വി. മെസ്മിന്റെ ആശ്രമത്തിൽ ചേർന്നു സന്യാസവസ്ത്രം സ്വീകരിച്ചു. ബെറി എന്ന സ്ഥലത്ത് സുവിശേഷം പ്രസംഗിച്ച് ഏതാനും വിഗ്രഹാരാധകരെ ക്രിസ്തുമതത്തിലേക്കു മാനസാന്തരപ്പെടുത്തി. അനന്തരം ലിമൂസിൻ എന്ന സ്ഥലത്തു ഒരു വനത്തിൽ ഒരു പ്രാർത്ഥനാലയം ഉണ്ടാക്കി അവിടെ താമസിച്ചു. നോബ്ലോക്ക് എന്നാണ് വനത്തിന്റെ പേര്. അവിടെ ഉപവാസത്തിലും ത്യാഗത്തിലും കഴിഞ്ഞുപോന്നു. ഏറെ ശിഷ്യന്മാർ തനിക്കുണ്ടായി. പ്രവർത്തനരഹിതനായിരിക്കുന്നതു പ്രയാസമായിരുന്നതിനാൽ അദ്ദേഹം തടവുകാരെ സന്ദർശിച്ച് സുവിശേഷം പകർന്നു. 559ൽ അദ്ദേഹം നിര്യാതനായി.

“നിങ്ങൾ എല്ലായ്പ്പോഴും സുവിശേഷം പ്രസംഗിക്കുവിൻ. അത്യാവശ്യമെങ്കിൽ വാക്കുകൾ ഉപയോഗിക്കുവിൻ” (വി. ഫ്രാൻസിസ് അസ്സീസി)

പൊരുളറിയാൻ :



# ദാനിയേൽ


**മിനി ജോർജ്ജ് തട്ടിൽ**
**സെ. ജോസഫ് യൂണിറ്റ്**



ദാനിയേൽപ്രവാചകന്റെ പേരിൽ അറിയപ്പെടുന്ന വിവിധ രചനകളിൽ നിന്നും കത്തുകളിൽ നിന്നും സമാഹരിച്ചതാണ്, ദാനിയേൽ പുസ്തകം. ഗ്രന്ഥത്തിന്റെ പകുതി ഹീബ്രുവിലും മറ്റ് പകുതി അരമായയിലും എഴുതിയിരിക്കുന്നു. ബാബിലോണിയൻ പ്രവാസത്തിന്റെ അവസാനവും, പേർഷ്യൻ ഭരണത്തിന്റെ തുടക്കവും വരെയുള്ള കാലഘട്ടത്തിലാണ് ഈ പുസ്തകം രചിക്കപ്പെട്ടത്.

സർവ്വശക്തനായ ദൈവത്തിന്റെ ശക്തിയാൽ ലോകത്തിലെ പ്രഗൽഭരായ ശക്തികളും, സമ്പത്തും, സാമ്രാജ്യങ്ങളും പൊടിയായി മാറുന്നതിന്റെ ചരിത്രം ദാനിയേൽ കാണിക്കുന്നു. ഇവിടെ പ്രതിഫലിപ്പിക്കുന്ന പ്രവചനങ്ങൾ ഭാവിയിൽ സംഭവിക്കുന്ന ഒന്നല്ല, മറിച്ച് നിലവിലെ ജറുസലേമിൽ സംഭവിക്കുന്ന ചരിത്ര സംഭവങ്ങളാണ്. ദർശനങ്ങളിലൂടെയും, കഥകളിലൂടെയും അവതരിപ്പിക്കുന്ന സംഭവങ്ങൾ ബി.സി. 6-ാം നൂറ്റാണ്ട് മുതൽ ബി.സി. 2-ാം നൂറ്റാണ്ട് വരെ ജറുസലേമിൽ നടക്കുന്നു. പുസ്തകത്തെ മൊത്തത്തിൽ രണ്ട് ഭാഗങ്ങളായി തിരിക്കാം; ദാനിയേലിന്റെയും സുഹൃത്തുക്കളുടെയും കഥകളും, ദാനിയേൽ പ്രവാചകന്റെ തന്നെ ദർശനങ്ങളും. സംഭവങ്ങൾ ഓരോന്നും പുസ്തത്തിലുടനീളം കാലക്രമത്തിൽ വെളിവാക്കപ്പെടുന്നു.

ആദ്യത്തെ അധ്യായത്തിൽ നാം സാക്ഷ്യം വഹിക്കുന്നത്, ദാനിയേലിന്റെ സ്വയം പ്രവർത്തിതമായ കഴിവ്, ബുദ്ധി എന്നിവ നെബുക്കദ്നേസർ അംഗീകരിച്ചു എന്നതാണ്. അടുത്ത അധ്യായങ്ങളിലേക്ക് കടക്കുമ്പോൾ, അവൻ ഇസ്രായേല്യരെ അടിമത്ത്വത്തിൽ







നിന്നും, പ്രവാസത്തിൽ നിന്നും വിടുവിക്കാൻ കഴിവുള്ള ദൈവത്തെ കുമ്പിട്ട് സ്വീകരിക്കുന്നതിന് നാം സാക്ഷ്യം വഹിക്കുന്നു. സർവ്വശക്തനായ ദൈവം വരാനിരിക്കുന്ന എല്ലാ കാലഘട്ടങ്ങളിലും എല്ലാവരുടേയും മേൽ വാഴും (chapter 4). ഈ ദൈവം അനിർവചനീയനാണ് എന്ന് ബെൽഷാസർ അംഗീകരിക്കുന്നു (chapter 5). ഈ വസ്തുത എല്ലാവരും അംഗീകരിക്കണം എന്ന് ദാരിയൂസ് അഭ്യർത്ഥിക്കുന്നു (chapter 6). ഈ ഗ്രന്ഥത്തിലുള്ള ചില പ്രധാന ദൈവശാസ്ത്ര വസ്തുതകൾ ഇപ്രകാരമാണ് : -

സർവ്വശക്തനായ ദൈവം : സർവ്വശക്തൻ, സർവ്വജ്ഞൻ, സർവാധിപൻ എന്നിങ്ങനെയാണ് യഹോവയെ അഭിസംബോധന ചെയ്തിരിക്കുന്നത്. അവൻ യഹൂദരുടെ ഇടയിലെ ദൈവങ്ങളിൽ ഒരാളല്ല, മറിച്ച് സ്വർഗ്ഗീയ ദൈവം, സ്വർഗ്ഗീയ രാജാവ്, സ്വർഗ്ഗീയ രചയിതാവ്. അവൻ ചരിത്രത്തെ നയിക്കുന്നവനാണ്, അവൻ എല്ലാവരുടെയും ദൈവമാണ്, കരുണയുള്ളവനാണ്, ക്ഷമിക്കുന്നവനാണ്, തന്റെ ജനത്തിനുമേൽ കൃപ ചൊരിയുന്നവനാണ്.

ദൈവരാജ്യം : മറ്റ് പഴയനിയമ ഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്തമായി ദാനിയേൽ പുസ്തകത്തിലെ പ്രധാന വിഷയമാണ് ദൈവരാജ്യം. ഭരണാധികാരികളുടെ വീഴ്ചകളും, കുറവുകളും വിശ്വാസി മനസ്സിലാക്കുമ്പോൾ, ഇത്തരം അധികാരികൾ ഒരിക്കലും നിലനിൽക്കുകയില്ലെന്ന് ബോധ്യപ്പെടുകയും, യഥാർത്ഥ അധികാരത്തിനും, രാജ്യത്തിനും വേണ്ടി അന്വേഷിക്കുകയും ചെയ്യുന്നു. നമ്മുടെ ഓരോരുത്തരുടേയും വ്യക്തിപരമായ സഹകരണത്തിലൂടെ ദൈവരാജ്യം സ്ഥാപിക്കപ്പെടുമെന്നും നാം തിരിച്ചറിയണം.

അർത്ഥവത്തായ ചരിത്രബോധ്യം : ദൈവം പ്രവർത്തിക്കുകയും, ചരിത്രസംഭവങ്ങളെ നയിക്കുകയും ചെയ്യുന്നു. സാമ്രാജ്യങ്ങളും, രാജാക്കന്മാരും രാജ്യങ്ങൾ ഉണ്ടാക്കുന്നതും തകർക്കുന്നതും അവനാണ്. അവൻ തന്റെ കാരുണ്യത്തിലൂടെയും നീതിയിലൂടെയും ചരിത്രത്തെ വാർത്തെടുക്കുകയും ഒരു ലക്ഷ്യത്തോടെ ഒന്നായി കാണിക്കുകയും ചെയ്യുന്നു.

പ്രവാസജീവിതവും ജറുസലേമിലെ ജീവിതവും :- ദൈവീക പദ്ധതിയുടെ ഭാഗമാണ് പ്രവാസജീവിതം. അടിമത്തം അന്യദൈവങ്ങളുടെ ഫലവുമല്ല മനുഷ്യപാപങ്ങളുടെ ഫലവുമല്ല. അടിമത്ത്വത്തിലും, പ്രവാസത്തിലും ഒരു

യഹൂദനെന്ന നിലയിൽ വിശ്വസ്തനും അനുഷ്ഠിതനുമായ യഹൂദനായി നിലകൊള്ളുന്നത് തികച്ചും സാധ്യമാണെന്ന് പ്രവാചകൻ സ്ഥാപിക്കുന്നു.

മനുഷ്യപുത്രനെ സംബന്ധിക്കുന്ന പരാമർശനങ്ങൾ ഈ ഗ്രന്ഥത്തിൽ ശ്രദ്ധേയമാണ്. അന്തിമോത്ഥാനത്തെകുറിച്ചുള്ള സൂചനകളും ഒരു സവിശേഷതയാണ്. വിശ്വസ്തരായി നിലകൊള്ളുന്നതിലൂടെ നമുക്ക് ലഭിക്കുന്ന പ്രതിഫലമല്ല ഒരാൾ നോക്കേണ്ടത്, മറിച്ച് ദൈവത്തിൽ വിശ്വസ്തരായി നിലകൊള്ളുന്നതിലൂടെ ഏത് പ്രതിസന്ധികളെയും തരണം ചെയ്ത ശാശ്വതമായ നീതിയും സമാധാനവും കൈവരിക്കും എന്നും ഈ ഗ്രന്ഥം വ്യക്തമാക്കുന്നു.

(തുടരും...)

## ബൈബിൾ ക്വിസ് 10/2023 വിജയികൾ

**ശരിയുത്തരങ്ങൾ അയച്ച എല്ലാ കൂട്ടുകാർക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ.**

1. ബ്രിജിറ്റ് സി. ബി. VI A
2. അൻവിയോ അജയ് VIII B
3. മാർഗ്രേസ് ജേക്കബ് X B
4. ആൻഗ്രേസ് അജോ VII A
5. സനോ പ്രിൻസ് VIII A
6. ഫെലിക്സ് സിന്റോ IV B
7. ആൻഡ്രിയ ജോസ് IX A
8. അൻവിദ അജയ് XI A
9. ഫെലിക്സ് പി. സുനിൽ VIII B
10. അലൻ പോളി VIII A
11. ജോആൻ കാതറിൻ ജോയ് VI A
12. ആൻലിൻ മരിയ പോളി XII B
13. ബിബ ബാബു X A
14. ആഗ്നസ് സിന്റോ IX B
15. ഡിയോൺ ഡിജോ VIII A
16. എമ്മാനുവേൽ ലിയോൺ IV B
17. അന്നറോസ് സജീവ് XII A
18. ലിയ സജി ACC
19. ആന്റണി നിയോ ജോർജ് ACC



റിയൽ എസ്റ്റേറ്റ് സർവ്വീസ്
വീടും സ്ഥലവും കൊടുക്കാനുള്ളവർ വിളിക്കുക
9495093030
❖ നെല്ലിക്കുന്ന് ഇടവകയിൽ 5 സെന്റ് സ്ഥലവും ഓട് വീടും 28 ലക്ഷം ❖ 3 സെന്റ് സ്ഥലം വീട് 28 ലക്ഷം.
❖ ചൂലിശേരി 20 സെന്റ് സ്ഥലം. സെന്റിന് 1.50 ലക്ഷം.






കഥ

# അത്രമേൽ സ്നേഹിയ്ക്കയാൽ



(കഥയും കഥാപാത്രങ്ങളും സാങ്കല്പികമാണ്) **തോമസ് കോമ്പാറ**

അരുൺ തന്റെ ഇരുപത്തിയഞ്ച് വയസ്സിന് ഇടയിൽ ഇത്ര യും പ്രത്യേകതയുള്ള മുഹൂർത്തം അനുഭവിച്ചിട്ടില്ല. തന്റെ കാമുകിയും അവളുടെ അമ്മയും അരുണിന്റെ വീട്ടിൽ വരുന്നു:

''എന്റെ മോൾ ആൻമോളുടെ വിവാഹമാണ്. അരുണും കുടുംബവും കല്ല്യാണത്തിന് വരണം'' വരന് ഗൾഫിലാണ് ജോലി.

കല്ല്യാണക്കുറി വാങ്ങുമ്പോൾ അരുണിന് കൈവിറച്ചില്ല. അരുൺ മനസ്സിൽ പറഞ്ഞു: ''മനുഷ്യൻ സ്വപ്നം കാണുന്നു. ദൈവം മറ്റൊന്ന് നിശ്ചയിക്കുന്നു. ദൈവേഷ്ടം പുലരട്ടെ”.

ഇപ്പോ കരയും എന്ന മട്ടിലാണ് ആൻമോളുടെ നില്പ്. ഉരുണ്ടുകൂടുന്ന കാർമേഘങ്ങൾപോലെ.

അത് മനസ്സിലാക്കി അരുൺ പറഞ്ഞു: “ടെയ്ക്ക് ഇറ്റ് ഈസി. മനുഷ്യജീവിതം ഇങ്ങിനെയൊക്കെയാണ്”. ഇത് പറയുമ്പോഴും അരുണിന്റെ മനസ്സ് ഒന്നാം ക്ലാസ് പഠനകാലമായിരുന്നു.

ആൻമോളും അരുണും ഒന്നിച്ച് പഠിച്ചിരുന്നു. പരസ്പരം വാഴനാര് കൊണ്ട് മാലയിട്ട് കളിച്ചത് ഓർമ്മയിൽ മങ്ങിയിട്ടില്ല.

കൂട്ടിയും കിഴിച്ചും ഗണിച്ചും ഹരിച്ചും ഒടുവിൽ അരുൺ മൊബൈൽ മെസ്സേജ് അയച്ചു: ആൻമോളുടെ വിവാഹത്തിന് എല്ലാ നന്മകളും പ്രാർത്ഥിക്കുന്നു. നല്ല കുടുംബജീവിതം നിങ്ങൾക്ക് ഉണ്ടാകട്ടെ. എന്നെക്കുറിച്ച് ആശങ്ക കൾ വേണ്ട. ആസിഡും തോക്കും കയറും ഒന്നും ഞാൻ എടുക്കില്ല. നല്ലത് വരട്ടെ നമുക്കെല്ലാം. അത്രമേൽ എല്ലാവരേയും ഞാൻ സ്നേഹിക്കുന്നു.


Mob : 9446526685
8590231210
ROBEL
Tours & Travels
“BEAUTIFUL VIBES ARE WAITING FOR YOU”
Thrissur, Anchery
Amose Corner

വിവാഹം, വിനോദം, തീർത്ഥാടനം എന്നിവയ്ക്ക് സമീപിക്കുക
12 Seat, 17 Seat, 20 Seat, 26 Seat Available

# ക്രിസ്തുവിനു പിന്നാലെ

## മരണം



സി. നീത ടെസ്സീൻ

ഈ ലോകത്തിൽ നിന്റെ കാര്യം അതിവേഗം കലാശിക്കും. അതിനാൽ നിന്റെ കാര്യം എങ്ങനെയിരിക്കുന്നുവെന്നു നോക്കൂ ഇന്നുള്ളവനെ നാളെ കാണുന്നില്ല. കണ്ണിൽ നിന്നു മറയുമ്പോൾ അവൻ മനസ്സിൽ നിന്നു മാഞ്ഞു പോകുന്നു. ഹാ, മനുഷ്യഹൃദയത്തിന്റെ മന്ദതയും കാഠിന്യവും! ഭാവിക്കായി ഒരുക്കങ്ങളൊന്നും നടത്താതെ അവൻ തൽക്കാലത്തേയ്ക്കു വേണ്ടവയെപ്പറ്റി മാത്രം ചിന്തിക്കുന്നു. നിന്റെ ഓരോ വിചാരവും ഓരോ പ്രവൃത്തിയും ഉടനടി മരണം വന്നു പിടികൂടിയേക്കുമെന്ന ബോധ്യത്തോടു കൂടിയായിരിക്കണം. നിനക്ക് നല്ല മനസാക്ഷിയുള്ള പക്ഷം നീ മരണത്തെ അത്രയധികം ഭയപ്പെടുകയില്ല. മരണത്തെ ഭയപ്പെടുന്നതിനേക്കാൾ നിനക്ക് നല്ലത് പാപത്തിൽ നിന്ന് അകന്നിരിക്കാൻ സൂക്ഷിക്കുന്നതാണ്. ഇന്ന് നീ തയ്യാറില്ലെങ്കിൽ നാളെ എങ്ങനെ തയ്യാറാകും ? ഒരു നാളെ ഉണ്ടാകുമെന്ന് എന്തുറപ്പാണുള്ളത് ? എങ്കിൽ ആ നാളെ നീയുണ്ടാകുമോ എന്നു നിശ്ചയമുണ്ടോ ? ജീവിതം നന്നാക്കാൻ ഒന്നും ചെയ്യുന്നില്ലെങ്കിൽ നീണാൾ നാം ജീവിച്ചിരുന്നിട്ട് എന്ത് പ്രയോജനം? ദീർഘായുസ്സ് എല്ലായ്പ്പോഴും ജീവിതത്തെ നന്നാക്കുന്നില്ല. പലപ്പോഴും പാപം വർദ്ധിക്കുന്നതേയുള്ളൂ.

ഒരു ദിവസമെങ്കിലും ഈ ലോകത്തിൽ നന്നായി ജീവിക്കാൻ കഴിഞ്ഞെങ്കിൽ എത്ര നന്നായിരുന്നു! പലരും മാനസാന്തരവർഷം എണ്ണിത്തിട്ടപ്പെടുത്താറുണ്ട്. എന്നാൽ മാനസാന്തരഫലങ്ങൾ നന്നേ ചുരുക്കമായിരുന്നു. മരണം ഭയങ്കരമാണെങ്കിൽ ദീർഘായുസ്സ് അതിലേറെ വിപൽക്കരമാണ്. മരണനിമിഷം കണ്മുന്നിൽ വച്ചുകൊണ്ട് ദിനംപ്രതി മരണത്തിനൊരുങ്ങുന്നവൻ ഭാഗ്യവാൻ. വല്ലവരും മരിക്കുന്നതു നീ കണ്ടിട്ടുണ്ടെങ്കിൽ, നീയും അതേ മാർഗ്ഗത്തിൽകൂടെ ചലിക്കേണ്ടി വരുമെന്നു വിചാരിച്ചുകൊള്ളുക. സന്ധ്യ വരെ ജീവിച്ചിരിക്കയില്ലെന്നു പുലരിയിൽ വിചാരിക്കുക. സന്ധ്യയാകുമ്പോൾ അടുത്ത പ്രഭാതം കാണുമെന്ന് നീ ഉറപ്പു വിചാരിക്കേണ്ട. ആകയാൽ സദാ ഒരുങ്ങിയിരിക്കുക. ഒരുക്കമില്ലാത്ത നേരത്തു മരണം വന്നു പിടികൂടാതിരിക്കാൻ ഇടയാകാതിരിക്കത്തക്കവിധം ജീവിക്കുക. വളരെപ്പേർ തീരെ ഒരുക്കമില്ലാത്ത നേരത്തു മരിക്കുന്നുണ്ട്. അപ്രതീക്ഷിത സമയത്ത് മനുഷ്യപുത്രൻ വരും. അന്തിമവിനാഴിക വരുമ്പോൾ നിന്റെ കഴിഞ്ഞ ജീവിതത്തെക്കുറിച്ച് നീ തീരെ വ്യത്യസ്തമായ രീതിയിൽ ചിന്തിക്കാൻ തുടങ്ങും. നിന്റെ ഉദാസീനതയേയും അശ്രദ്ധയേയും കുറിച്ച് നീ അത്യന്തം പരിതപിക്കുകയും ചെയ്യും.

മരണസമയത്ത് എങ്ങനെ ആയിരിക്കണമെന്ന് ആഗ്രഹിക്കുന്നുവോ അപ്രകാരം ജീവിതകാലത്തും ആയിരിക്കുവാൻ ശ്രമിക്കുന്നവൻ ധന്യനും വിവേകിയുമാണ്. സ്നേഹിതരിലും ചാർച്ചക്കാരിലും ആശ്രയിക്കേണ്ട. രക്ഷയുടെ കാര്യം പിന്നെയാകട്ടെ എന്നു വയ്ക്കരുത്. നീ വിചാരിക്കുന്നതിനേക്കാൾ വേഗം മനുഷ്യർ നിന്നെ മറന്നുകളയും. മരണാനന്തരം അന്യരുടെ സഹായത്തിലാശ്രയിക്കുന്നതിനേക്കാൾ ഭേദം ഇപ്പോൾ തന്നെ കാലോചിതമായി വല്ല പുണ്യവും നേടി വയ്ക്കുന്നതാണ്. നിന്റെ കാര്യത്തിൽ നിനക്കു താൽപ്പര്യമില്ലെങ്കിൽ നിന്റെ ഭാവിയിൽ ആർക്കാണ് ആകാംക്ഷ ഉണ്ടാകുക. ഇത് എത്രയും അമൂല്യമായ സമയമാണ്. ഇതാ സ്വീകാര്യമായ സമയം – ഇതാ രക്ഷയുടെ ദിവസങ്ങൾ.

നിന്റെ ജീവിതം നന്നാക്കുവാൻ ഒരു ദിവസമോ ഒരു മണിക്കൂറോ കൊതിക്കുന്ന ഒരു കാലം വരും. എന്നാൽ അതു ലഭിക്കുമോ എന്ന് എനിക്ക് അറിഞ്ഞുകൂടാ. അല്ലയോ വാൽസല്യഭാജനമേ, നീ സദാ മരണത്തെ ഭയന്നും പ്രതീക്ഷിച്ചും ഇരിക്കുകയാണെങ്കിൽ എത്ര മഹാവിപത്തുകളിൽ നിന്ന് രക്ഷ നേടാനും എത്ര മഹാഭീതിയിൽ നിന്ന് ഒഴിഞ്ഞുമാറാനും നിനക്കു കഴിയും മരണവേളയിൽ ഭയപ്പെടാതെ സന്തുഷ്ടനാകാൻ ഇടയാകത്തക്കവിധം ഇപ്പോൾ നീ ജീവിക്കുവാൻ ശ്രമിക്കുക. അന്ത്യത്തിൽ ക്രിസ്തുവിനോടുകൂടി ഇരിക്കുന്നതിനുവേണ്ടി ഈ ലോകത്തിനു മരിച്ചവനെപ്പോലെ ആയിരിക്കാൻ ശീലിക്കുക. അന്നു സ്വതന്ത്രമായി ക്രിസ്തുവിലേക്ക് എത്തിചേരാൻ ഇപ്പോൾ സകലവും വെറുക്കുക. അന്ന് ദൃഢമായ ശരണമുണ്ടാക്കുന്നതിന് ഇപ്പോൾ പ്രായശ്ചിത്തം വഴി നിന്റെ ശരീരത്തെ അടിപ്പെടുത്തുക.

മരണാനന്തരം ആരു നിന്നെ ഓർമ്മിക്കും ? ആരു നിനക്കു വേണ്ടി പ്രാർത്ഥിക്കും ? വാൽസ

ല്യഭാജനമേ, കഴിവുള്ളതെല്ലാം നീ ചെയ്യുക. ഇപ്പോൾ തന്നെ ചെയ്യുക. എപ്പോൾ മരിക്കുമെന്നും മരണശേഷം എന്തു സംഭവിക്കുമെന്നും നിനക്ക് അറിഞ്ഞുകൂടല്ലോ. നിന്റെ രക്ഷയെക്കുറിച്ചല്ലാതെ മറ്റൊന്നും നീ ചിന്തിക്കേണ്ട. ദൈവകാര്യങ്ങളിൽ മാത്രം ശ്രദ്ധിച്ചുകൊള്ളുക ഈ ലോകത്തോടു യാത്ര പറയുമ്പോൾ ദൈവത്തിന്റെ വിശുദ്ധന്മാർ നിന്നെ നിത്യകൂടാരങ്ങളിൽ സ്വീകരിക്കേണ്ടതിന് അവരുടെ പ്രവൃത്തികൾ അനുകരിച്ചും അവരെ ആദരിച്ചും നിനക്കു സ്നേഹിതന്മാരെ നേടികൊള്ളുക. മരണാന്തരം നിന്റെ ആത്മാവ് ആനന്ദപൂർവ്വം കർത്താവിങ്കലേയ്ക്ക് എത്തിചേരാൻ കണ്ണുനീരോടെ നിന്റെ പ്രതിദിന പ്രാർത്ഥനകളും നെടുവീർപ്പുകളും അങ്ങോട്ടു തിരിച്ചുകൊള്ളുക.

**വിചിന്തനം :**

മരണത്തെ ഭയപ്പെടുകയും പാപം വർജ്ജിക്കാതിരിക്കുകയും ചെയ്യുന്നത് രക്ഷയ്ക്ക് തീരെ ഉപകാരപ്രദമല്ല. ക്രിസ്ത്യാനികൾക്കു മരണഭയമായിരിക്കും സുകൃതജീവിതത്തിന് ഉത്തേജനവും പ്രചോദനവും നൽകുക. അന്തിമനിമിഷത്തത്തിൽ ദൈവത്തിന്റെ മുമ്പിൽ എങ്ങനെ നിൽക്കണമെന്നു നാം ആഗ്രഹിക്കുന്നുവോ അങ്ങനെ ജീവിക്കുന്നതാണു നൻമരണത്തിന്റെ രഹസ്യം.

**അനുസ്മരണാവിഷയം :**

ഇന്നു കാണുന്നവനെ നാളെ കാണുന്നില്ല.

**അഭ്യാസം :**

മരണത്തിൽ നിനക്കുണ്ടാകണമെന്നു നീ ആഗ്രഹിക്കുന്ന വിശുദ്ധിയിൽ എല്ലാ ദിവസവും നീ ജീവിക്കുക.


LALEE
DRIVING SCHOOL

Enquiry Office : Chelakkottukara, Near Caico Company
Prop. Mrs. Saly Babu, Mobile : 9895224230
പുരുഷന്മാരെയും സ്ത്രീകളെയും ഡ്രൈവിംഗ് പഠിപ്പിക്കുന്നു
സ്ത്രീകളെ സ്ത്രീകൾ തന്നെ പഠിപ്പിക്കുന്നു.
ഞായറാഴ്ച ദിവസങ്ങളിൽ പഠിക്കുന്നതിന് പ്രത്യേക സൗകര്യം





# ദിവ്യകാരുണ്യ അത്ഭുതങ്ങൾ



ജോളി മൈക്കിൾ
(സേക്രഡ് ഹാർട്ട് യൂണിറ്റ്)

**9. വെയിൻ ഗാർഡൻ**

ഈശോ കുരിശിൽ തൂങ്ങിക്കിടന്നപ്പോൾ ഈശോയുടെ പാർശ്വത്തിൽ ലാഞ്ചിനുസ് എന്ന റോമൻ പടയാളി കുന്തം കൊണ്ട് കുത്തിയപ്പോൾ പ്രവഹിച്ചുവന്ന തിരുരക്തമാണ് വളരെ പൂജിതമായി 900 വർഷങ്ങളായി വെയിൻ ഗാർഡണിൽ സൂക്ഷിച്ചുവെച്ചിരിക്കുന്നത്. ഇവിടെയുള്ള ബെനഡിക്ടൈൻ ആശ്രമത്തിലാണ് ഈ തിരുശേഷിപ്പ് സൂക്ഷിച്ചിട്ടുള്ളത്. ചരിത്രരേഖകൾപ്രകാരം ലോഞ്ചിന് ഈശോയുടെ തിരുരക്തത്തെ മാണ്ടുവായിലേയ്ക്കു കൊണ്ടുപോയിരുന്നു.

വി. യോഹന്നാന്റെ സുവിശേഷം 19:34ൽ പ്രകാരം "പടയാളികളിൽ ഒരുവൻ അവന്റെ പാർശ്വത്തിൽ കുന്തംകൊണ്ട് കുത്തി, ഉടൻ തന്നെ അതിൽ നിന്നും രക്തവും വെള്ളവും പുറപ്പെട്ടു" എന്നും സഖറിയാ പ്രവാചകന്റെ പുസ്തകം 12:10ലെ പ്രകാരം "അപ്പോൾ തങ്ങൾ കുത്തി മുറിവേല്പിച്ചവനോ നോക്കി, ഏകജാതനെ പ്രതിയെന്നപ്പോലെ ദുഃഖത്തോടെ വിലപിക്കും" എന്നുള്ള പ്രവചനം നിറവേറിയിരിക്കുന്നു.

ഈ തിരുശേഷിപ്പ് (കട്ടയായി ഉറഞ്ഞിരിക്കുന്ന തിരുരക്തം) പല ക്രിസ്തീയ രാജാക്കന്മാർക്കും, പരിശുദ്ധ പിതാക്കന്മാർക്കും പ്രത്യേകിച്ച് ചാറൽമേൻ എന്ന രാജാവിനും വിഭജിച്ച് കൊടുത്തിരുന്നു. വളരെ പ്രാചീനമായ രേഖപ്രകാരം 1055ൽ ഹെൻട്രി മൂന്നാമൻ എന്ന ചക്രവർത്തിക്ക് ഈ തിരുശേഷിപ്പ് നൽകപ്പെട്ടുവെന്നു; അയാൾ ബാൽദോവിനോ എന്ന പ്രഭുവിന് കൊടുത്തുവെന്നും അദ്ദേഹം അത് മകൾ ജൂഡിത്തിന് ഏൽപ്പിച്ചു കൊടുത്തുവെന്നും പറയുന്നു. ജൂഡിത്ത് ബവേറിയൻ രാജാവ് ഗുൽഗോവനെ വിവാഹം ചെയ്തപ്പോൾ തന്റെ ഭർത്താവിന് കൊടുത്തതായും, അദ്ദേഹം അത് വെയിൻ ഗാർഡനിലെ ബെനഡിക്ടൈൻ മഠാധിപതിയായിരുന്ന വിച്ചോനെ ഏല്പിച്ചതായും രേഖകളിൽ കാണാം. വെയിൻ ഗാർഡനിലേയ്ക്കു വൈദീകരുടെ നേതൃ

ത്വത്തിൽ 3000 കുതിരപ്പടയാളികളുടെ ഒരു പ്രദക്ഷിണം അരങ്ങേറുന്നുണ്ട്. ഈ തിരുശേഷിപ്പിനെയും 3000 പേരടങ്ങുന്ന കുതിരപ്പടയാളികളുടെ പ്രദക്ഷിണത്തെയും വീഡിയോ കാസറ്റിൽ വീക്ഷിക്കാം.

രചന :
**റവ. ഫാ. ജോനത്തൻ കപ്പൂച്ചിൻ**

**ദശാംശം**

| | | സെപ്റ്റംബർ | ഒക്ടോബർ |
|---|---|---|---|
| 1. | സെ. വിൻസെന്റ് ഡി പോൾ | 5125 | 6930 |
| 2. | സെ. ജെയിംസ് | | |
| 3. | ആവേമരിയ | | |
| 4. | സെ. തോമസ് | | |
| 5. | മദർതെരേസ | 2600 | 2620 |
| 6. | സെ. ജോർജ്ജ് | | |
| 7. | സെ. റാഫേൽ | 3650 | |
| 8. | ഹോളി ഫാമിലി | 3430 | |
| 9. | സെ. മേരീസ് | | 8850 |
| 10. | സെ. ആന്റണീസ് | 6400 | |
| 11. | സെ. എവുപ്രാസ്യ | 1910 | 2070 |
| 12. | സേക്രഡ്ഹാർട്ട് | 5350 | |
| 13. | സെ. സെബാസ്റ്റ്യൻ | 6850 | 6450 |
| 14. | സെ. പോൾ | 4900 | |
| 15. | സെ. ക്ലാര | 1540 | |
| 16. | വിമലനാഥ | 9300 | |
| 17. | ലൂർദ്ദ്മാത | 6330 | |
| 18. | സെ. ജൂഡ് | 2950 | |
| 19. | ഡോൺബോസ്കോ | 1280 | |
| 20. | സെ. സേവ്യർ | 1940 | 1740 |
| 21. | സെ. ജോൺ | 9750 | |
| 22. | ഗുഡ്ഷെപ്പേർഡ് | | |
| 23. | ലിറ്റിൽ ഫ്ളവർ | | |
| 24. | സെ. ജോസഫ് | | 5330 |
| 25. | മേരിമാത | | |
| 26. | സെ. ഫ്രാൻസീസ് | 2430 | 3320 |
| | **ആകെ** | **75735** | **37310** |





## ചിന്താവിഷയം



## സമാധാനമുണ്ടാക്കുന്നവർ (മത്തായി 5:9)

**അവലംബം : ധ്യാനനിലയം ജെ. എം. ജ്ഞാനപ്രകാശം**
**തയ്യാറാക്കിയത് : നിമ്മി ആന്റ്ലോ, വിമലനാഥ യൂണിറ്റ്**

1. സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ !
2. ദൈവമേ ! ഒരിക്കലും സമാധാനക്കേടിനു കാരണമാകാൻ നീ ഇടയാക്കരുതേ.


എല്ലാ മനുഷ്യരും സമാധാനം കാംക്ഷിക്കുന്നു. എന്നാൽ ശരിയായ സമാധാനം അനുഭവിക്കുന്നവർ എത്രയോ ചുരുക്കം. ഇതിനുള്ള കാരണം, സമാധാനത്തിന്റെ ഉറവിടമായ ദൈവത്തിലല്ല അവർ സമാധാനം അന്വേഷിക്കുന്നത് എന്നതുതന്നെ. പണം, സ്ഥിതി, ജോലി, സുഖം, സന്തോഷം, ആരോഗ്യം എന്നിവ കിട്ടിയാൽ സമാധാനമായെന്നു പലരും കരുതിപ്പോകുന്നു. ഇവയെല്ലാമുണ്ടായാലും ദൈവം ഹൃദയത്തിൽ വാഴുന്നില്ലെങ്കിൽ, മനുഷ്യൻ സമാധാനം അനുഭവിക്കുകയില്ല.

പലരും സമാധാനം അനുഭവിക്കുന്നില്ലെന്നു മാത്രമല്ല, മറ്റുള്ളവർക്കു സമാധാനക്കേടുണ്ടാക്കുകയും ചെയ്യുന്നു. അനുസരണക്കേട്, സ്വാർത്ഥത, നിസ്സഹകരണം, അസൂയ, കുറ്റംപറച്ചിൽ, ദുർവിധി, ദേഷ്യം എന്നിങ്ങനെ അനേകം കാരണങ്ങൾകൊണ്ടു നാം മറ്റുള്ളവർക്കു സമാധാനക്കേടുണ്ടാക്കാം. അനാവശ്യമായി മറ്റുള്ളവരുടെ കാര്യങ്ങളിൽ ഇടപെടുന്നതും സമാധാനക്കേടിനു കാരണമാകുന്നു. ഓരോരുത്തരുടെ കാര്യങ്ങൾ അവരവർക്കു വിട്ടുകൊടുക്കുക. മറ്റുള്ളവരെ വിശ്വസിക്കുക. അവരും നിന്നെപോലെ ദൈവത്തെ അന്വേഷിച്ചു വന്നിരിക്കുന്നവരാണെന്നു വിചാരിക്കുക.

സ്നേഹമില്ലാത്ത സംസാരം, കരുണയില്ലാത്ത പെരുമാറ്റം, നീതിയില്ലാത്ത നിശ്ചയങ്ങൾ, ക്രമമില്ലാത്ത ജീവിതം, പ്രാർത്ഥനയില്ലാത്ത പ്രവർത്തനം എന്നിവകൊണ്ടെല്ലാം സമാധാനക്കേടുണ്ടാകാം. ദൈവത്തിനും, മനുഷ്യനും പ്രയോജനപ്പെടണം എന്ന ഉദ്ദേശ്യത്തോടെ എല്ലാവരും വർത്തിച്ചാൽ, സമാധാനമുണ്ടാകും.

ഏഷണിയും, അസൂയയും ആണ് സമാധാനക്കേടുണ്ടാക്കുന്ന മറ്റു രണ്ടു ഘടകങ്ങൾ. മറ്റുള്ളവരുടെ കുറ്റങ്ങൾ പറയാതിരിക്കുക. അനാവശ്യമായ വിമർശനങ്ങൾ ഒഴിവാക്കുക. സത്യസന്ധമായി പെരുമാറുക. മറക്കാനും പൊറുക്കാനും നമുക്ക് എളുപ്പത്തിൽ സാധിക്കണം. വിനീതമായി എല്ലാറ്റിലും ദൈവനിശ്ചയം ദർശിച്ചു

ജീവിക്കുന്നവർ സ്ഥായിയാ സമാധാനം അനുഭവിക്കുന്നു. മറ്റുള്ളവരുടെ നന്മയിൽ സന്തോഷിക്കാൻ നമുക്കു സാധിക്കണം. വിശാലവും വിനീതവുമായ ഹൃദയത്തോടു കൂടി ജീവിക്കുന്നവർ സമാധാനം അനുഭവിക്കും. അവർ സമാധാനം മറ്റുള്ളവരിൽ ഉണ്ടാക്കുകയും ചെയ്യും. ദൈവത്തിനും മനുഷ്യർക്കും നന്മ ചെയ്ത്, സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ചൈതന്യത്തിൽ ജീവിക്കുന്നവർ ഭാഗ്യവാന്മാർ. കർത്താവിന്റെ ഭവനത്തിൽ സംതൃപ്തിയോടെ ജീവിക്കുക എത്രയോ മധുരമാകുന്നു!




Peter Trust
Play School 9 a.m. - 3 p.m.
Day Care 9 a.m. - 5 p.m.
Faith Care Safe
കളി പള്ളിക്കൂടം, ശിശുഭവൻ
Kura, Nellikkunnu, P. O. Eastfort,
Thrissur - 680 005
Admission Started
Contact 8086652495, 9496675527


Peter Academy
കീബോർഡ്, ഗിറ്റാർ, വയലിൻ, ഡ്രംസ്, വോക്കൽ, ഡാൻസ്
Contact : 0487 2424626, 9645850608





*ലേഖനം*

# മനുഷ്യന്റെ പദ്ധതികളും ദൈവനിശ്ചയവും



**സെബാസ്റ്റ്യൻ കാട്ടൂക്കാരൻ**
**സെ. ജോർജ്ജ് യൂണിറ്റ്**

ചെറിയ ചെറിയ നേട്ടങ്ങളിൽപ്പോലും അളവറ്റ് അഹങ്കരിക്കുന്നവനാണ് മനുഷ്യൻ. പരിമിതമായ വസ്തുതകളെച്ചുറ്റിപ്പറ്റി മാത്രമുള്ള അന്ധമായ വിശ്വാസമാണ് ഇതിനു കാരണം. പഠിപ്പ്, പണം, പദവി, ആരോഗ്യം, സൗന്ദര്യം, ധാരാളം മക്കൾ ഇങ്ങനെ ഇതെല്ലാം തികഞ്ഞവരായി ആരുണ്ട്.

ദൈവസൃഷ്ടിയിൽ മഹത്തരമായതാണ് മനുഷ്യജീവിതം. പരസ്പരസഹായമാണ് ജീവിതത്തെ ചാരിതാർത്ഥ്യഭരിതമാക്കുന്നത്. എന്നാൽ നന്മയിലേക്ക് നയിക്കേണ്ട സൗഹൃദം - വർഗ്ഗീയത, തീവ്രവാദം, മതനിന്ദ, മയക്കുമരുന്ന് എന്നീ വിഷയങ്ങളിലേക്ക് വഴിമാറി സഞ്ചരിക്കുകയാണ്.

ശാസ്ത്രത്തിന്റെ അഭിമാനകരമായ വളർച്ച ദൂരവ്യാപകമായ പല മാറ്റങ്ങൾക്കും വഴി തെളിയിച്ചിട്ടുണ്ടെങ്കിലും ദൈവവചനം നമ്മെ കൃത്യമായും ഓർമ്മപ്പെടുത്തുന്നുണ്ട്. "മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു. അന്തിമമായ തീരുമാനം കർത്താവിന്റേതത്രെ" (സുഭാഷിതങ്ങൾ 16-1)

ആത്മീയ സംതൃപ്തിയാണ് ജീവിതധർമ്മമെന്ന വകതിരിവ് ഉണ്ടാകുമ്പോഴേക്കും അവന്റെ ജീവിതയാത്രയുടെ അവസാനഘട്ടത്തിൽ എത്തിയിരിക്കും. ഓർക്കാപ്പുറത്തു വരുന്ന പ്രകൃതി ദുരന്തങ്ങളും ജീവനാശിനികളായ വൈറസ്സ് മഹാമാരികളും ദൈവനിശ്ചയപ്രകാരമുള്ള ഓർമ്മപ്പെടുത്തലുകളാണ്. എന്തെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ അത് കർത്താവിന്റെ കരുണ കൊണ്ട് മാത്രമാണ് "ഭയപ്പെടേണ്ട വിശ്വസിക്കുക മാത്രം ചെയ്യുക" (മാർക്കൊ. 5-36)



ചെറുകഥ

# സ്ത്രീയെന്ന ധനം



ജോജി മോൾ ഷാജു (ലൂർദ്മാത യൂണിറ്റ്)

ആളികത്തുന്ന ചിന്താഭാരത്താൽ സൂസൻ വിയർത്തു കുളിച്ചു. തന്റെ മകളുടെ വിവാഹതിയ്യതിയിലേക്ക് ഇനി വെറും രണ്ടു മാസം. എങ്ങനെ കൂട്ടിയിട്ടും ചിലവുകൾ വട്ടമെത്തുന്നില്ല. 'സ്ത്രീധനം' അതില്ലാതെ ഒരടി മുമ്പോട്ട് വയ്ക്കാനാവില്ല. ചെറുക്കന്റെ വീട്ടുക്കാർ പ്രത്യക്ഷത്തിൽ ഒന്നും ചോദിച്ചിട്ടില്ലെങ്കിലും അവർ കാര്യമായി ആഗ്രഹിക്കാതിരിക്കുമോ?

മകൾക്ക് നല്ലൊരു ബന്ധം കിട്ടാൻ ഞാനും ജോണേട്ടനും ജീവിതകാലം മുഴുവൻ അദ്ധ്വാനിച്ചത് മാറ്റി വച്ചിട്ടുണ്ട്. അതല്ലല്ലോ ഇപ്പോഴത്തെ പ്രശ്നം. കല്ല്യാണാവശ്യങ്ങൾക്കുള്ള സ്വർണ്ണമെടുത്തു വന്നപ്പോഴേ പോക്കറ്റ് കാലിയായി. ഇനി വസ്ത്രങ്ങൾ, കല്ല്യാണ ചിലവ് ഇതിനെല്ലാം നല്ലൊരു തുകയാകും. ആലോചിക്കുംന്തോറും തല പെരുക്കുന്നതായി തോന്നി.

പെട്ടെന്നാണ് കോളിംങ്ങ് ബെൽ അമർന്നത്. 'ശ്ശോ... ജോണേട്ടൻ ജോലി കഴിഞ്ഞെത്തിയല്ലോ. ആലോചിച്ചിരുന്ന് ചായ വരെ വയ്ക്കാൻ മറന്നു.' ഓടി ചെന്ന് വാതിൽ തുറന്നു. പിന്നെ അടുക്കളയിലേക്കൊരോട്ടം. അതിനിടയിൽ ഒന്നോ രണ്ടോ പാത്രങ്ങൾ താഴെ വീഴുന്നതു കേട്ട് മകൾ കടന്നു വന്നു. 'എന്തു പറ്റിയമ്മാ... നിന്ന് വിയർക്കുന്നുല്ലോ. പതിവില്ലാതെ പാത്രങ്ങളെല്ലാം തട്ടി വീഴുന്നു. ചായ ഞാൻ ഉണ്ടാക്കി കൊടുക്കാം. അമ്മ അപ്പന്റെ അടുത്ത് പോയിരുന്നേ... 'തന്റെ സാരി തലപ്പു കൊണ്ട് വിയർപ്പ് തുടച്ച് വേച്ചു വേച്ച് ഡൈനിംങ്ങ് റൂമിലേക്ക് ചെന്നു. ചായ കൊണ്ടുവരാറുള്ള ആൾ വെറും കയ്യോടെ വരുന്നതു കണ്ട് ജോൺ ചോദിച്ചു? 'ഹും... എന്തു പറ്റി? വല്ലാത്ത ക്ഷീണമുണ്ടല്ലോ...?' ഒരു കസേര വലിച്ചിട്ട് ഇരിക്കുമ്പോഴേയ്ക്കും നിസമോൾ രണ്ടു കപ്പു ചായയുമായി പറന്നെത്തി." അപ്പാ... അമ്മയുടെ ക്ഷീണത്തിന്റെ കാര്യം ഞാൻ പറയാം. എന്റെ കല്ല്യാണചിന്തകൾ കൊണ്ട് പാവം വിറങ്ങലിച്ചിരിക്കുകയാണ്.





അപ്പാ... ഞാനൊരു കാര്യം പറയട്ടെ... നിങ്ങൾ എത്ര ബുദ്ധിമുട്ടിയാണ് എന്നെ പഠിപ്പിച്ച് നല്ലൊരു ജോലിയിലാക്കിയത്.ഇനി നമ്മുടെ ഉണ്ണിമോനെയും ഒരു നിലയിലാക്കണം. പെൺകുട്ടികൾ ഉണ്ടായാൽ അപ്പനമ്മമാരുടെ ഉള്ളിൽ തീയ്യാണെന്നു പറയും. ആ ചിന്ത മാറ്റണം. എന്നെയും ഉണ്ണിമോനെയും ആൺപെൺഭേദമില്ലാതെ കാണണം. അത്യാവശ്യത്തിന് സ്വർണ്ണം, വസ്ത്രം ഇതൊക്കെ മതി എന്നെ വിവാഹം കഴിപ്പിച്ചയക്കാൻ. എന്റെ ജീവിതക്കാലം മുഴുവനുമുള്ള ചിലവുകൾക്കായി നെട്ടോട്ടമോടിയിട്ട് നിങ്ങൾ എവിടെ ചെന്നവസാനിക്കും? 'അവൾ സ്നേഹപൂർവ്വം അമ്മയോട് ചേർന്നിരുന്ന് വീണ്ടും പറയാൻ ആരംഭിച്ചു. 'എന്റെ വിവാഹം ഉറപ്പിക്കുന്നതിനു മുമ്പേ ഞാൻ സാൻജോ യോട് പറഞ്ഞ് സമ്മതം വാങ്ങിയിട്ടുണ്ട്. സ്ത്രീധനം ആഗ്രഹിക്കരുത്. എന്നെ പഠിപ്പിച്ച് നല്ലൊരു ജോലിയിലാക്കാൻ അവർ ഒത്തിരി ബുദ്ധിമുട്ടിയിട്ടുണ്ട്. എല്ലാം വിറ്റു പെറുക്കി എനിക്കു തന്നാൽ ഉണ്ണിമോനെ ആരു പഠിപ്പിക്കും. അവർ പ്രായമായി വരികയല്ലേ? അതു കേട്ട് സാൻജോ എന്നോട് പറഞ്ഞതെന്താ ണെന്നോ? ഇത്ര മാത്രം മാതാപിതാക്കളെ സ്നേഹിക്കുന്ന, കുടുംബ ചിന്തയുള്ള ഒരുവളെ കിട്ടുന്നത് തന്റെ ഭാഗ്യമാണെന്ന്. 'ഇതെല്ലാം കേട്ട് തരിച്ചിരിക്കുന്ന സൂസന്റെ വാക്കുകൾ പെട്ടെന്ന് പുറത്തു ചാടി... 'മോളെ, ഇന്നത്തെ സമൂഹത്തിൽ ഈ വാക്കുകൾക്ക് വല്ല വിലയുമുണ്ടോ?'

'ഉണ്ട്. ഉണ്ടാകണം. അമ്മയൊന്ന് ചിന്തിച്ചേൻ, അമ്മയുടെ മാതാപിതാക്കൾക്ക് വേണ്ടി അമ്മയ്ക്ക് എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ? അവരും അവരുടെ ജീവിതകാലം മുഴുവൻ അമ്മയ്ക്ക് വേണ്ടി അദ്ധ്വാനിച്ചതല്ലേ? മാറണം... നമ്മുടെ ചിന്താഗതികൾ മാറണം. ഇവിടെ പെണ്ണെന്നോ, ആണെന്നോ ഉള്ള വിത്യാസം ഉണ്ടാകരുത്. നമ്മൾ പരസ്പരം അറിഞ്ഞ് സഹായിക്കണമമ്മാ.." പറഞ്ഞു കഴിഞ്ഞതും സൂസൻ മകളെ തന്റെ നെഞ്ചിലേക്ക് ചേർത്തു പിടിച്ചു. ഞങ്ങളുടെ ഈ വയസ്സാംകാലത്ത് തങ്ങളെ മനസ്സിലാക്കാൻ പോന്ന ഒരു കൊച്ചു മിടുക്കിയെ കിട്ടിയതോർത്ത്.... തനിക്കിതുവരെ തോന്നാത്ത ഉൾക്കാഴ്ച്ചകൾ തന്ന് കണ്ണു തുറപ്പിച്ച മകൾക്കു നേരെ നോക്കി ജോൺ ആദരവോടെ എഴുന്നേറ്റപ്പോൾ നിസ്സമോൾ അപ്പനു നേരെ നോക്കി കണ്ണിറുക്കി ചിരിച്ചു.

## വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ ആഘോഷിച്ചു

നമ്മുടെ ഇടവകയിൽ 15-10-2023ന് ഫ്രാൻസിസ്കൻ അത്മായ സഭയുടെ നേതൃത്വത്തിൽ വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ഇടവകയിൽ 2-ാമത്തെ ദിവ്യബലിയോടെ ആഘോഷിച്ചു. ദിവ്യബലിയ്ക്കുശേഷം നേർച്ചവിതരണം നടത്തി. തുടർന്ന് തിരുനാൾ യോഗം പ്രാർത്ഥനയോടെ ആരംഭിച്ചു.

പ്രസിഡന്റ് ഷാജു പാലത്തിങ്കൽ സ്വാഗതം പറഞ്ഞു. സെക്രട്ടറി ജോയ് കരിപ്പേരി റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ ജോൺസൻ ആലപ്പാടൻ കണക്കുകൾ അവതരിപ്പിച്ചു. തുടർന്ന് വികാരി ഫാ. ജെയിംസ് പോൾ വടക്കൂട്ട് അദ്ധ്യക്ഷ പ്രസംഗം നടത്തി. വിശുദ്ധന്റെ തിരുനാളിന്റെ എല്ലാവിധ മംഗളങ്ങളും നേർന്നു. വിശുദ്ധന്റെ ജീവിതരീതികൾ നമ്മുടെ ജീവിതത്തിലും പകർത്തണമെന്ന് അച്ചൻ ഓർമ്മപ്പെടുത്തി.

തുടർന്ന് റീജൻ പ്രസിഡന്റ് ഷാജു കോട്ടപറമ്പിൽ ആശംസകൾ നേർന്ന് പ്രസംഗിച്ചു. അതിനുശേഷം സഭാ അംഗമായ മേഴ്സി ജേക്കബ് തിരുനാൾ ആശംസ സന്ദേശം നൽകി.

സഭ അംഗങ്ങളുടെ മക്കൾക്കുള്ള ഉന്നത വിദ്യാഭ്യാസത്തിനും, സ്പോർട്സ് വിഭാഗത്തിൽ ഉന്നത വിജയം നേടിയ മക്കൾക്കും മെമ്മന്റോ നൽകി അവരെ ആദരിച്ചു. കൂടുതൽ ഹാജരുള്ള സഭാ അംഗങ്ങൾക്ക് സമ്മാനം നൽകി.

തുടർന്ന് ജോയ് പല്ലൻ പരിപാടികളിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. തുടർന്ന് സ്നേഹവിരുന്ന് ഉണ്ടായിരുന്നു. പള്ളി മുൻ കൈക്കാരന്മാർ, ഇപ്പോഴത്തെ കൈക്കാരന്മാർ, പള്ളി സ്റ്റാഫ്, സഭ അംഗങ്ങൾ, സഭ അംഗങ്ങളുടെ മക്കൾ എന്നിവരും സ്നേഹവിരുന്നിൽ പങ്കെടുത്തു.




JOHNSON MASTER MEMORIAL
MUSIC ACADEMY
JANATHA ROAD, CHELAKKOTTUKARA
PH : 0487 2421036, MOB : 9349820992

Violin, Guitar, Carnatic Music, Key Board






## സെന്റ് സെബാസ്റ്റ്യൻ വാർഷികം

സെന്റ് സെബാസ്റ്റ്യൻ യൂണിറ്റിന്റെ വാർഷികം ഒക്ടോബർ 8 ന് ആഘോഷിച്ചു. വികാരി ഫാദർ ജെയിംസ് വടക്കൂട്ട്, ഫാദർ ജിതിൻ നെല്ലങ്കര, സിസ്റ്റർ പ്രിൻസി, സിസ്റ്റർ ലിബിയ റോസ്, ശ്രീ. ജോസഫ് ഒ.ഡി., ശ്രീ. രാജൻ പല്ലൻ, ജോൺസൻ തോലത്ത്, ശ്രീമതി ലീമ ജേക്കബ് എന്നിവർ വിളക്ക് തെളിയിച്ചു. പ്രാർത്ഥന ഗാനത്തോടെ യോഗം ആരംഭിച്ചു. ജോൺസൻ തോലത്ത് സ്വാഗതം ആശംസിച്ചു. ശ്രീമതി ലീമ ജേക്കബ് അവതരിപ്പിച്ച റിപ്പോർട്ട് യോഗം പാസ്സാക്കി. ഫാദർ ജെയിംസ് വടക്കൂട്ട് ഉത്ഘാടനം ചെയ്തു. മറ്റു വിശിഷ്ട വ്യക്തികൾ ആശംസകൾ അർപ്പിച്ചു. സമ്പൂർണ ബൈബിൾ പകർത്തി എഴുതിയ ശ്രീമതി Mary Thomas നെ ആദരിച്ചു. യൂണിറ്റിലെ പ്രായം ചെന്ന ദമ്പതികളെ പൊന്നാട അണിയിച്ചു ആദരിച്ചു. കൂടുതൽ അറ്റന്റൻസ് ഉള്ളവരെയും യൂണിറ്റ് അംഗങ്ങൾക്ക് പ്രചോദനം നൽകുന്ന സജീവ അംഗത്തേയും ആദരിച്ചു. SSLC യ്ക്ക് കൂടുതൽ മാർക്ക് ലഭിച്ച വിദ്യാർത്ഥിയ്ക്ക് സമ്മാനം നൽകി. വിവിധങ്ങളായ കലാപരിപാടികൾ യോഗത്തിന് ഉണർവ് പകർന്നു. യൂണിറ്റിലെ അമ്മമാർ അവതരിപ്പിച്ച തിരുവാതിര കളി ഏറെ പ്രശംസ നേടി. സ്നേഹവിരുന്നോടെ വാർഷികം അവസാനിച്ചു. യൂണിറ്റിലെ 90% അംഗങ്ങൾ പങ്കെടുത്ത വാർഷികം വളരെ വിജയം ആയിരുന്നു.


### സ്നേഹദൂത് പാരിഷ് ബുള്ളറ്റിൻ പരസ്യനിരക്കുകൾ

**(2023 ജനുവരി മുതൽ)**

| | | |
|---|---|---|
| കളർ ഫുൾ പേജ് (മരണം) | - | 1500 |
| കളർ ഫുൾ പേജ് (മറ്റുള്ളവ) | - | 1600 |
| കളർ ഹാഫ് പേജ് (ഇന്നർ) | - | 850 |
| ബ്ലാക്ക് & വൈറ്റ് ഫുൾ പേജ് | - | 900 |
| ബ്ലാക്ക് & വൈറ്റ് ഹാഫ് പേജ് | - | 500 |
| ബ്ലാക്ക് & വൈറ്റ് ക്വാർട്ടർ പേജ് | - | 250 |
| ഉപകാരസ്മരണ | - | 200 |

*1 വർഷം, 6 മാസം എന്നിങ്ങനെയുള്ള സ്ഥിരപരസ്യങ്ങൾക്ക് ആകർഷകമായ ഡിസ്കൗണ്ടുകൾ നൽകുന്നതാണ്. - പത്രാധിപസമിതി

ഫീച്ചർ

# ഒളിച്ചു കളിക്കുന്നവർ



ഏ.ഡി. ഷാജു

കുട്ടികളുടെ ഇടയിൽ വളരെ പ്രചാരത്തിലുള്ള കളിയാണ് ഹൈഡ് ആന്റ് സീക്ക് . ഒളിച്ചു കളി, ഒളിച്ചു പ്രാന്തി, അമ്പസ്താനി, കള്ളനും പോലീസ് തുടങ്ങിയ പേരുകളിലാണ് ഈ കളി അറിയപ്പെടുന്നത്. അന്യം നിന്നു പോകുന്ന കളിയല്ല ഇത്. കാരണം സമൂഹത്തിൽ എപ്പോഴും ഇത് നടക്കുന്നുണ്ട്. കണ്ണുപൊത്തി എണ്ണുന്ന ആൾ ജയിക്കണമെങ്കിൽ കൂടുതൽ പേർ നിശ്ചിത സ്ഥലത്ത് എത്തുന്നതിനു മുമ്പ് കണ്ടെത്തി തോൽപ്പിക്കണം.

ജീവിതത്തിൽ നാം ഇത്തരത്തിലുള്ളവരെ കണ്ടുമുട്ടാറുണ്ട്. ഒളിച്ചു കളിക്കുന്നവരുടെ എണ്ണത്തിൽ കുറവില്ല. കുട്ടികൾ കളികൾ നടത്തി ഒളിച്ചു കളിക്കുന്നു. വലിയവർ ജീവിതത്തിൽ ഒളിച്ചു കളിക്കുന്നു. ഒളിച്ചു കളിക്കാൻ ഒരുപാട് ശ്രദ്ധയും കരുതലും വേണം. കണ്ടുപിടിക്കാൻ വളരെ തന്ത്രങ്ങളും കുതന്ത്രങ്ങളും സൂത്രങ്ങളും വേണം. ഒളിച്ചിരിക്കുന്നവരെ കണ്ടുപിടിക്കുക എളുപ്പമല്ല. വിജയം നേടാനും വളരെ ബുദ്ധിമുട്ടാണ്. എന്തിനാണ് ചിലർ ജീവിതത്തിൽ ഒളിച്ചു കളിക്കുന്നത്. അതിന് അവർക്ക് വ്യക്തമായ കാഴ്ചപാട് ഉണ്ട്.

അവരുടെ യാത്ര കടലിലൂടെ വഞ്ചിയിൽ പോകുന്നതുപോലെയാണ്. കാറ്റും കോളും അശാന്തതയും അസാമാധാനവും ഉണ്ടാകാം. കരുതൽ കൂടുതൽ വേണ്ട സമയമാണിത്. ജീവിത വിജയം നേടാൻ ഒളിച്ചു കളിക്കുന്ന സ്വഭാവം ഉള്ളവരാകരുത്. ഏതൊരാളും മികച്ച വിജയം നേടാൻ കഠിനാധ്വാനവും ക്ഷമയും ഉത്തരവാദിത്വവും ഉണ്ടാകണം. പരിശ്രമത്തെ തോൽപ്പിക്കാനാകില്ല. എന്നാൽ പരാജയത്തെ നേരിടാൻ സാധിക്കും. നിതാന്തമായ ജാഗ്രത, ശ്രദ്ധാപൂർവ്വമായ പ്രവർത്തനങ്ങൾ വഴി മുന്നോട്ടു നീങ്ങുന്നവരായാൽ ഒരിക്കലും ഒളിച്ചു കളിക്കേണ്ടി വരില്ല. മടിയൻമാരും നിരുൽസാഹികളുമായി തീരാൻ ആർക്കും താല്പര്യമില്ല. വീട്ടിൽ ഒരാൾ വരുമ്പോൾ മുറിയിൽ ഒളിക്കുന്നവർ, പഠിക്കാൻ വീടിന്റെ മുകളിൽ പോയിരിക്കുന്നവർ,





റോഡിൽ വെച്ച് എതിരെ വരുന്നവരെ കാണുമ്പോൾ വഴി മാറി പോകുന്നവർ അങ്ങനെ നീളുന്നു ഒളിച്ചു കളിക്കുന്നവർ .

വ്യക്തിത്വത്തിന്റെ പരാജയമാണ് ഇതിന്റെ മുഖ്യ കാരണം.

എങ്ങനെ ഈ മാനസിക അവസ്ഥ വ്യക്തികളിൽ നിന്ന് ഒഴിവാക്കാം. അത്തരം സാഹചര്യം വരുമ്പോൾ ആത്മവിശ്വാസത്തോടെ നേരിടാനുള്ള ധൈര്യം സ്വന്തമാക്കണം. പുസ്തക വായനാ നല്ല സൗഹൃദങ്ങൾ എന്നിവയാണ് പോംവഴി. പഠന കാലത്തു തന്നെ കുട്ടികളിൽ സ്വഭാവ രൂപീകരണ ബോധവത്ക്കരണ അവബോധം സൃഷ്ടിക്കാൻ തുടങ്ങണം. പരിശീലന ക്ലാസുകൾ നിർബന്ധമാണ്. വലിയവരും കുട്ടികളുടെ വളർച്ചയ്ക്ക് ഒപ്പം നിൽക്കണം. ഏകാന്തതയും ഒറ്റപ്പെടുന്ന അന്തരീക്ഷവും കുറക്കുക. മനസിനെ ഏകാഗ്രതയിലും കരുതൽ ചിന്തയിലും മാറ്റിയെടുക്കാൻ ശ്രമിക്കണം. സമൂഹ ബന്ധം വളർത്താൻ തയ്യാറായാൽ ഒളിച്ചു കളിക്കുന്നവർ ഇല്ലാതാകും. വ്യക്തിത്വം തന്നെ പുതുമ ഉള്ളതായി തീരും.



BIJU & COMPANY
PALACE ROAD, THRISSUR
Phone : 2338758, 2331442. Mob : 9847034232.
E-mail : bijuand.co@hotmail.com, web : Biju and co.com
Distributors :
NC THINNER & PAINTS, OXY-ACETYLENE GAS,
CALCIUM CARBIDE, GAS WELDING RODS,
WELDING EQUIPMENTS

ചുറ്റുവട്ടം

# അശാന്തമായി വീണ്ടും പശ്ചിമേഷ്യ...



ജോസഫ് ഒ.ഡി.

ഇസ്രായേൽ എന്നോ പലസ്തീൻ എന്നോ കേട്ടാലുടനെ നമുക്കോർമ്മ വരിക വർഷങ്ങളായി അവിടെ നടന്നു കൊണ്ടിരിക്കുന്ന സംഘർഷങ്ങളാണ്. യഹൂദർ അഥവാ ജൂതരും മുസ്ലിങ്ങളും തമ്മിൽ ചോര പുഴയൊഴുക്കിയ യുദ്ധങ്ങളുടെ എട്ട് പതിറ്റാണ്ടുകളാണ് കടന്നുപോകുന്നത്. ഇസ്രായേലികൾക്കും, പലസ്തീനികൾക്കും ദീർഘവും സംഘർഷഭരിതവുമായ ഒട്ടേറെ ചരിത്രസംഭവങ്ങൾ പറയാനുണ്ട്. കാര്യമെന്ത് തന്നെയായാലും നിരപരാധികളായ സാധാരണക്കാരാണ് കൊല്ലപ്പെട്ടിട്ടുള്ളതും കൊലപ്പെട്ട് കൊണ്ടിരിക്കുന്നതും.

ലോകത്ത് ഏറ്റവും ബുദ്ധിശക്തിയുള്ളവരുടെ ഗണത്തിലാണ് ജൂതർ. രണ്ടാം ലോകയുദ്ധകാലത്ത് ഹിറ്റ്ലറുടെ ക്രൂരതക്ക് മറുപടിയായി ആറ്റം ബോംബ് ഉൾ പ്പെടെ മികച്ച ആയുധങ്ങൾ സഖ്യകക്ഷികൾക്ക് നിർമ്മിക്കാൻ നിർണ്ണായക ഇടപെടൽ ജൂതരുടെ ഭാഗത്ത് നിന്നുമുണ്ടായി. ഇതിനുള്ള പ്രത്യുപകാരമാണ് 1948ലെ ഇസ്രായേൽ സ്ഥാപനം. ഇത് ചരിത്രം.

മൊസാദ് എന്ന അവരുടെ ചാര സംഘടന ലോകപ്രസിദ്ധമാണ്. രഹസ്യാന്വേഷണമികവിൽ മുന്നിൽ നിൽക്കുന്ന ഇസ്രായേലിൽ ഒരിക്കലും സംഭവിക്കില്ലെന്നു കരുതിയ ഭീകരാക്രമണമായിരുന്നു ലോകം കണ്ടത്. കര-ആകാശം-കടൽ വഴി ഒരേസമയം ഹമാസ് ഇസ്രായേലിലേക്ക് ഇരച്ച് കയറി. കണ്ണിൽ കണ്ടവരെയെല്ലാം വെടിവെച്ച് വീഴ്ത്തി. ഗാസാ അതിർത്തിയിലെ സ്ത്രീകളെയും, കുട്ടികളെയും, വിദേശികൾ ഉൾപ്പെടെ ഇരുനൂറിലധികം പേരെ ബന്ദികളായി പിടിച്ച് കൊണ്ട് പോയി. ഇവരെ വെച്ച് വില പേശലാണ് ഹമാസ് ഉന്നം വെക്കുന്നതെന്ന് തോന്നുന്നു.

1973ലെ യോംകിപ്പൂർ യുദ്ധത്തിന്റെ 50 വർഷത്തിലാണ് ഹമാസിന്റെ മിന്നലാക്രമണം നടന്നിരിക്കുന്നത്. ഹമാസിന് ഇസ്രായേലിനെ തോൽപിക്കാനാവില്ല. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങി ലോകത്തിലെ പ്രധാന രാഷ്ട്രങ്ങളൊക്കെ ഇസ്രായേലിനൊപ്പമുണ്ട്. ബൈഡൻ, ഋഷി സുനക് ഉൾപ്പെടെയുള്ളവർ യുദ്ധസമയത്ത് പോലും ടെൽഅവീവ് സന്ദർശിച്ച് ഇസ്രായേലിനുള്ള ഉറച്ച പിന്തുണ പ്രഖ്യാപിച്ച് മടങ്ങി. ഒരു പക്ഷെ ലെബനിലെ ഹിസ് ബുള്ളക്കെതിരെയും ഇസ്രായേൽ നീങ്ങാനിടയുണ്ട്. ഹമാസിന് പിന്തുണ കൊടുക്കുന്നവരാണ് ഹിസ്ബുള്ളക്കാർ. ഒരു രാജ്യത്ത് കയറി ആക്രമണം നടത്തിയാൽ ഏതൊരു രാജ്യത്തിനും സ്വന്തം രക്ഷക്കായി തിരിച്ചടിക്കാൻ അവകാശമുണ്ടെന്ന് യു.എൻ. ചാർട്ടറിൽ പറയുന്നുണ്ട്.

ബെഞ്ചമിൻ നെതന്യാഹു പറഞ്ഞത് അറംപറ്റുമോ ? യുദ്ധം തുടങ്ങിയത് ഞങ്ങളല്ല പക്ഷെ അവസാനിപ്പിക്കുന്നത് ഞങ്ങളായിരിക്കും. പുറത്ത് വരുന്ന മരണക്കണക്കുകൾ സത്യമാവില്ല. വായുവും, വെള്ളവും, ജീവിക്കാനാവശ്യമായ അന്തരീക്ഷവും മനുഷ്യന്റെ അവകാശങ്ങളാണ്. അതാണ് പശ്ചിമേഷ്യയിൽ ഹമാസും - ഇസ്രായേലും നിഷേധിക്കുന്നത്. ഇത് അപലപനീയമാണ്. യുദ്ധം തുട ങ്ങി രണ്ടാം നാൾ മുതൽ ഗാസയിൽ വെള്ളം, വൈദ്യുതി, ഇന്ധനം എല്ലാം തടസ്സപ്പെട്ടിരിക്കുകയാണ്. ഭക്ഷണംപോലും ഇസ്രായേലിൽ നിന്ന് വേണം ഗാസയിലെത്താൻ ചുരുക്കത്തിൽ ഇസ്രായേലാണ് ഇതെല്ലാം ഹമാസിന്റെ നിയന്ത്രണത്തിലുള്ള ഗാസക്ക് കൊടുത്തുകൊണ്ടിരുന്നത്. എന്നിട്ടും എന്തിനാണ് ഹമാസ് ഇങ്ങനെയൊരു കൊടുംപാതകത്തിന് മുതിർന്നത് ? എല്ലാം നൽകുന്ന ഞങ്ങളെ ആക്രമിക്കില്ലെന്ന് ഇസ്രായേലും കരുതികാണും. യുദ്ധം ഒരു പ്രശ്നവും പരിഹരിക്കില്ല മറിച്ച് പ്രശ്നങ്ങൾ കൂടുകയെ ചെയ്യുള്ളൂ. അതാണ് സ്ത്രീകളും, കുട്ടികളും അനുഭവിക്കുന്ന നരകയാതനകളുടെ നേർചിത്രങ്ങൾ. ആശുപത്രി അക്രമണത്തിൽ അഞ്ഞൂറിലധികം പേർ കൊല്ലപ്പെട്ടിരിക്കുന്നു. ഹമാസ് തന്നെ ചെയ്ത പണിയെന്ന് ഇസ്രായേലും, ഇസ്രായേലാണെന്ന് ഹമാസും പറയുന്നു. സത്യം ആർക്കുമറിയില്ല. നരകം ഭൂമിയിൽ തന്നെയുണ്ടെന്ന് ഗാസ വിളിച്ച് പറയുന്നു. നിരപരാധികളും നിഷ്കളങ്കരുമായ ആയിരങ്ങളുടെ ഓർമ്മകളുടെ മുമ്പിൽ നിറകണ്ണുകളോടെ ബാഷ്പാഞ്ജലി. ശാശ്വത സമാധാനത്തിന് ഫ്രാൻസിസ് മാർപാപ്പയോടൊപ്പം നമുക്കും പ്രാർത്ഥിക്കും.





സുധർമ
മെട്രോപൊളിസ് ലബോറട്ടറി
കിഴക്കേ കോട്ട ഷോപ്പിംഗ് കോംപ്ലക്സ്,
കിഴക്കേ കോട്ട ജംഗ്ഷൻ
7902474474, 9895359097, 9744110888
SUDHARMA
METROPOLIS
The Pathology Specialist

വീട്ടിൽ വന്ന് സാംപിൾ
എടുക്കുന്നതിനുള്ള സൗകര്യം
ഉണ്ടായിരിക്കുന്നതാണ്
LAB TIMING
Monday - Saturday
7 AM - 5 PM

## കളറിങ് മത്സരം 11/2023 (മതബോധന വിദ്യാർത്ഥികൾക്ക്)

ഈ ചിത്രം കളർ ചെയ്ത് നവംബർ 15ന് മുമ്പായി സ്നേഹദൂത് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക. ഏറ്റവും മനോഹരമായി കളർ ചെയ്ത ചിത്രത്തിന് സമ്മാനം. പങ്കെടുക്കുന്നവർ ചിത്രത്തിന്റെ എല്ലാ ഭാഗത്തും കളറിങ് നടത്താൻ ശ്രദ്ധിക്കണം.



പേര്.................................................................

യൂണിറ്റ്.................................................................

ക്ലാസ്സ്.................................................................

അഡ്രസ്സ്.................................................................

ഫോൺ.................................................................

## കളറിങ് മത്സരം 10/2023

വിജയി : ഡിയോൺ ഡിജോ, VIII A





ചിന്താസരണി

## ജീവിത വീക്ഷണം



ഡോ. കെ. ജെ. കുഞ്ഞിപ്പാലു
അഡ്വക്കേറ്റ്

"ആരും തോണിയിറക്കാത്ത കടൽ ഭാഗത്ത് എനിക്ക് കപ്പലിറക്കണം" - ജീവിതത്തിന്റെ വളർച്ചയെകുറിച്ച് സ്വപ്നം കണ്ട ഒരു മഹാൻ മനസ്സിൽ കുറിച്ച വാചകം. അദ്ദേഹം കൂട്ടിച്ചേർത്തു:- "ജീവിതമാകുന്ന പുഷ്പത്തിന്റെ സൗരഭ്യമാണ് ദുഃഖം".

വിവേകം ഏറുംതോറും ദുഃഖ വും ഏറുന്നു. കൊട്ടാരം വിട്ടിറങ്ങുന്ന രാജകുമാരനെ തിരിച്ച് വിളിക്കരുത്. പാറമരങ്ങളോടും മരങ്ങൾ പൂക്കളോടും എന്നതുപ്പോലെ നിശബ്ദതയുടെ മനോഹാരിതയിൽ സംസാരിക്കുക. കൂട്ടിലടയ്ക്കാത്ത പക്ഷിയെപ്പോലെ സ്വപ്നം കാണുക. നിറയുന്ന കുളവും, കിണറും, പെരുകുന്ന പുഴയും കായലും അപകമാണെന്നോർക്കുക. സ്വപ്നങ്ങളില്ലാത്ത ശിരസ്സ് ആഗ്രഹങ്ങളില്ലാത്ത ശരീരവുമായി യോജിക്കാൻ പ്രയാസമാണ്.

വിലയിരുത്തലിന്റെ ലോകചിന്ത ഇന്ന് പ്രാധാന്യമർഹിക്കുന്നു. ലാഭമോഹം, അധികാരമോഹം, പണക്കൊതി, രാഷ്ട്രീയ ദർശനത്തിന്റെ അഭാവം, മൂല്യങ്ങളെ തിരസ്കരിക്കൽ, ജീർണ്ണിച്ച ജീവിതരീതി, സങ്കുചിതമായ ആദർശങ്ങൾ എന്നിവ ഇന്ന് നമ്മുടെ സംസ്കാരത്തിന്റെ വളർച്ചാനിരക്കിനെ ബാധിച്ചിരിക്കുന്നു. രാഷ്ട്രീയം, മതങ്ങൾ, അധികാരികൾ എന്നിവക്ക് ഇന്ന് മേല്പറഞ്ഞ വസ്തുതകളിലാണ് താല്പര്യം. കടങ്ങൾ ഇല്ലാത്ത അവസ്ഥ, രോഗങ്ങൾ ഇല്ലാത്ത അവസ്ഥ, മിനിമം സാമ്പത്തികപക്വത എന്നിവയുണ്ടെങ്കിൽ ജീവിതസമാധാനത്തിന്റെ അടിസ്ഥാന വസ്തുതകളായി. പിന്നീടുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുവാൻ എളുപ്പമാണ്; ബുദ്ധിയും, വൈകാരിക പക്വതയും ഉപയോഗിച്ച്.

അറിവിന്റെ വെളിപാടുകൾ നൽകുന്ന ബോധിവൃക്ഷങ്ങൾ ഹൃദയത്തിൽ നട്ടുപിടിപ്പിക്കുക. അർഹിക്കാത്ത കാര്യങ്ങളെകുറിച്ച് ചർച്ചകൾ ചെയ്ത് സമയം കളയാതിരിക്കുക. എന്റെ കഴിവ് ഉപയോഗിച്ച് എങ്ങനെ മാറ്റങ്ങൾ സമൂഹത്തിലും, ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലും ഉണ്ടാക്കാൻ പറ്റുന്നുവോ അതിനെ "പ്ലെയ്ബോ ഇഫക്റ്റ്" എന്ന് പറയുന്നു. സ്വയം വളരുന്നതിനനുസരിച്ച് മറ്റുള്ളവരുടെ വളർച്ചയും ഇക്കൂട്ടർ കണക്കിലെടുത്ത് പ്രവൃത്തിക്കുന്നു.

ഓർക്കുക : "ഭ്രാന്തന്മാർ, നമ്മെ പോലെ ഭ്രാന്തന്മാരല്ല".

# ബൈബിൾ ക്വിസ് 11/2023

## മതബോധന വിദ്യാർത്ഥികൾക്ക് (യോഹന്നാൻ 1–4 അധ്യായങ്ങൾ)

1. "ദൈവം കൂടെയില്ലെങ്കിൽ ഒരുവനും നീ ചെയ്യുന്ന അടയാളങ്ങൾ പ്രവർത്തിക്കാൻ കഴിയുകയില്ല". ആരുടെ വാക്കുകൾ ?
2. യാക്കോബ് തന്റെ മകൻ ജോസഫിന് നൽകിയ വയലിനടുത്തുള്ള പട്ടണം ഏതാണ് ?
3. വെളിച്ചത്തിനു സാക്ഷ്യം നൽകാൻ വന്നവൻ ആരാണ് ?
4. 'അടയാളങ്ങളും അത്ഭുതങ്ങളും കാണുന്നില്ലെങ്കിൽ നിങ്ങൾ ഒരിക്കലും വിശ്വസിക്കുകയില്ലല്ലോ'. യേശു ആരോടാണിതു പറഞ്ഞത് ?
5. യേശുവിന്റെ മഹത്വം വെളിപ്പെടുത്തുന്നതിനു പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭം ഏതാണ് ?
6. യോഹന്നാൻ സ്നാനം നൽകിയിരുന്നത് എവിടെ വച്ച് ?
7. ജറുസലെം ദേവാലയം പണിയുവാൻ എത്ര സംവൽസരമാണ് എടുത്തത്?
8. യൂദയായിൽ നിന്നു ഗലീലിയിലേക്കു വന്നപ്പോൾ യേശു പ്രവർത്തിച്ച രണ്ടാമത്തെ അടയാളം ഏതാണ് ?
9. യോഹന്നാൻ പറഞ്ഞതുകേട്ട് യേശുവിനെ അനുഗമിച്ച രണ്ടു ശിഷ്യന്മാർ ആരായിരുന്നു.
10. 'അവൻ വളരുകയും ഞാൻ കുറയുകയും വേണം' ആരുടെ വാക്കുകൾ?

**ഉത്തരങ്ങളിൽ അദ്ധ്യായവും വാക്യവും ചേർക്കേണ്ടതാണ്.**
ഉത്തരങ്ങൾക്ക് മുകളിൽ ക്വിസ് നമ്പർ ചേർത്ത് ഈ മാസം 15ന് മുമ്പ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക, പേരിനൊപ്പം പഠിക്കുന്ന ക്ലാസ് എഴുതേണ്ടതാണ്.

**ഉത്തരങ്ങൾ 10/2023**

1. ജീവനെ (ലൂക്കാ 21:19), 2. പത്രോസിനെയും യോഹന്നാനെയും (ലൂക്കാ 22:8), 3. സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത (ലൂക്കാ 21:34), 4. നിങ്ങൾ പരീക്ഷയിൽ ഉൾപ്പെടാതിരിക്കാൻ പ്രാർത്ഥിക്കുവിൻ (ലൂക്കാ 22:40), 5. ബഥാനി (ലൂക്കാ 25:50,51), 6. പത്രോസ് പുറത്തുപോയി മനം നൊന്തു കരഞ്ഞു (ലൂക്കാ 22:62), 7. നിന്ദ്യമായി പെരുമാറുകയും അവനെ അധിക്ഷേപിക്കുകയും ചെയ്തു (ലൂക്കാ 23:11), 8. ഇവൻ യഹൂദരുടെ രാജാവ് (ലൂക്കാ 23:38), 9. മഗ്ദലേന മറിയവും യോവാന്നയും യാക്കോബിന്റെ അമ്മയായ മറിയവും അവരുടെ കൂടെയുണ്ടായിരുന്ന മറ്റു സ്ത്രീകളുമാണ് (ലൂക്കാ 24:10), 10. ദൈവരാജ്യം സമീപിച്ചിരിക്കുന്നു (ലൂക്കാ 21:31)





# ക്വിസ്

നമ്പ്ര് : 11/2023

താഴെകാണുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതി
ഈ മാസം 15നു മുമ്പ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക.
തിരഞ്ഞെടുക്കപ്പെടുന്ന ഒരാൾക്ക് സമ്മാനം നൽകുന്നു.

*ചോദ്യങ്ങൾ : (കഴിഞ്ഞ ലക്കം സ്നേഹദൂതിൽ നിന്ന്)*


1. ക്രൈസ്തവ പിന്നാക്കാവസ്ഥയെകുറിച്ച് പഠിച്ച് കേരളസർക്കാരിന് റിപ്പോർട്ട് സമർപ്പിച്ച കമ്മീഷൻ ഏതാണ് ?
2. ആരാണ് ആദ്യത്തെ മിഷനറി ?
3. തന്റെ പന്ത്രണ്ട് വാഗ്ദാനങ്ങൾ ഈശോ അറിയിച്ചത് ആരെയാണ് ?
4. യഹൂദമതത്തിന്റെ പിതാവ് എന്ന വിളി ആർക്ക് യോജിച്ചതാണ് ?
5. ജി-20 ഉച്ചകോടി ഏറ്റവും അവസാനമായി നടന്നത് എവിടെ വച്ച് ?

| *ക്വിസ് 10/2023 ഉത്തരങ്ങൾ* | *വിജയി* |
|---|---|
| 1. 12-ാം പിയൂസ് മാർപാപ്പ<br>2. വുൾഗാത്ത<br>3. കൊളോ 3:23<br>4. കോൺസ്റ്റന്റൈൻ ചക്രവർത്തിയിലൂടെ<br>5. ഏശയ്യാ, ജറെമിയാ, എസക്കിയേൽ, ദാനിയേൽ, വിലാപങ്ങൾ | **ആൻഗ്രേസ് അജോ**<br>St. George Unit |


## **ജൂബിലി മിഷൻ മെഡിക്കൽസ്** തിരിച്ചറിയൽ മത്സരം 11/2023

സമ്മാനം സ്പോൺസർ ചെയ്യുന്നത് :
**ജൂബിലി മിഷൻ മെഡിക്കൽസ്, മിഷ്യനാശുപത്രിക്കു മുൻവശം, തൃശ്ശൂർ, ഫോൺ : 9496214911**

ആളെ തിരിച്ചറിയൂ... സമ്മാനം നേടൂ... ബോക്സിൽ കൊടുത്തിട്ടുള്ള ചിത്രത്തിൽ നിന്ന് യഥാർഥ വ്യക്തിയുടെ പേര് വൈറ്റ് പേപ്പറിൽ എഴുതി ഈ മാസം 15ന് മുമ്പ് ബുള്ളറ്റിൻ ബോക്സിലിടുക.



**തിരിച്ചറിയൽ മത്സരം -10/2023**
**ഉത്തരം : മധു**
**വിജയി**
**അരുൺ എം. ജോയ്**
**സെന്റ് വിൻസെന്റ് ഡി പോൾ യൂണിറ്റ്**





## യുണൈറ്റഡ് ഡ്രൈവിങ്ങ് സ്കൂൾ

Reg. No. L1/2/2001/R

പനമ്പിള്ളി ബിൽഡിങ്ങ്, വളർക്കാവ്, തൃശൂർ - 6 *Mob : 9562483260*

*Off : 0487 - 2428290,*

*Joseph Mathew, Mob : 9447442286*

**NB : ഞായറാഴ്ചകളിൽ സ്പെഷ്യൽ ബാച്ച് ആരംഭിച്ചിരിക്കുന്നു.**

**സ്ത്രീകളെ സ്ത്രീകൾ തന്നെ പഠിപ്പിക്കുന്നു.**



## ബ്യൂ - ഐഡൽ

**ബ്യൂട്ടിപാർലർ**

ഗാന്ധിഗ്രാമം റോഡ്,

ഹൗസ് നമ്പർ : 16, വളർക്കാവ്

ഫോൺ : 7736184901

ബിന്ദു ജോസഫ് : 9656338007

*3000 രൂപ മുതൽ ബ്രൈഡൽ മെയ്ക്ക് അപ്പ് കല്യാണവർക്കുകൾ ചെയ്തുകൊടുക്കുന്നതാണ്.*

## സൗജന്യ ആയുർവ്വേദ ചികിത്സ

**ഡിസ്ക് ബൾജ്, കാൽമുട്ട് തേയ്മാനം, വെരിക്കോസ് വെയിൻ, സോറിയാസിസ്, ഫിസ്റ്റുല, പൈൽസ്, ആമവാതം, തളർവാതം, ഗർഭാശയം ഇറങ്ങി വരുക എന്നീ രോഗങ്ങൾക്ക് സൗജന്യ ചികിത്സ (ഇൻഷുറൻസ് സൗകര്യം ഉള്ളവർക്ക്)**

**മരിയൻ ആയുർവ്വേദ ഹോസ്പിറ്റൽ, മണ്ണുത്തി**

**മരിയൻ ആയുർവ്വേദ ക്ലിനിക്ക്, നെല്ലിക്കുന്ന്**

**ബുക്കിംഗ് : 9895711726**

**മരിയൻ ആയുർവ്വേദ റിസോർട്ട്, പൂമല, തൃശ്ശൂർ**






## കുടുംബകൂട്ടായ്മ - വചനവായന, സമയങ്ങൾ

വചനത്തിന്റെ ചുരുളിൽ ജീവിതത്തിന്റെ പൊരുളുണ്ട്. ഈ പൊരുൾ കുടുംബസമ്മേളനത്തിൽ കണ്ടെത്താൻ നമുക്ക് പരിശ്രമിക്കാം.

| | | | |
|---|---|---|---|
| **ഒന്നാം ഞായർ 05 – 11 – 2023** | | | |
| 1. | സെ. എവുപ്രാസ്യമ്മ | 2.30 pm | വാർഷികം **(12 – 11 – 2023)** പള്ളി ബേസ്മെന്റ് ഹാൾ 6 pm |
| 2. | സെ. മദർ തെരേസ | 3.15 pm | ചീരൻ ജോൺസൻ മകൻ ഷോൺ |
| 3. | സെ. ജോൺ | 4.00 pm | വാർഷികം, ഐനിക്കൽ മിഖായേൽ ആന്റണി, കെയ്ക്കോ റോഡ് |
| 4. | സെ. തോമസ് | 2.30 pm | അന്തിക്കാടൻ അന്തോണി ബാബു, ഗാന്ധിഗ്രാമം |
| 5. | ലിറ്റിൽ ഫ്ളവർ | 3.15 pm | **വാർഷികം** പള്ളി ബേസ്മെന്റ് ഹാൾ 6 pm |
| 6. | സെ. വിൻസെന്റ് ഡി പോൾ | 4.00 pm | ചെമ്മണ്ട ജോസ്, എസ്.എൻ. റോഡ് |
| **രണ്ടാം ഞായർ 12 – 11 – 2023** | | | |
| 7. | സെ. ജെയിംസ് | 2.30 pm | ഐനിക്കൽ ഷിബു |
| 8. | വിമലനാഥ | 3.15 pm | പാലിശ്ശേരി ദേവസ്സി ജോൺസൻ, ജോയ്സ് ഗാർഡൻ |
| 9. | ഗുഡ്ഷെപ്പേർഡ് | 4.00 pm | ചിറക്കൽ സണ്ണി പോൾ, പ്ലോട്ട് നം. 43, പ്രിയദർശിനി നഗർ |
| 10. | സെ. മേരീസ് | 2.30 pm | തരകൻ പൂവ്വത്തുക്കാരൻ ചാക്കോ സൈമൺ |
| 11. | സെ. ജോസഫ് | 3.15 pm | വാർഷികം **(19 – 11 – 2023)** പള്ളി ബേസ്മെന്റ് ഹാൾ 6 pm |
| 12. | സെ. സെബാസ്റ്റ്യൻ | 4.00 pm | |
| **മൂന്നാം ഞായർ 19 – 11 – 2023** | | | |
| 13. | സെ. ക്ലാര | 2.30 pm | കാരക്കട വർഗ്ഗീസ്, യുണൈറ്റഡ് സ്ട്രീറ്റ് |
| 14. | സെ. പോൾ | 3.15 pm | **വാർഷികം**, അക്കര ജോണി ജോൺസൻ, സന്ധ്യ റോഡ് |
| 15. | സെ. ഫ്രാൻസിസ് | 4.00 pm | ചാലയ്ക്കൽ ഇട്ടിമാത്യു പീറ്റർ, റൺവേ സ്ട്രീറ്റ് |
| 16. | സെക്രഡ് ഹാർട്ട് | 2.30 pm | പാറയ്ക്കൽ ഔസേപ്പ് വർഗ്ഗീസ്, ആനി ബസന്റ് റോഡ് |
| 17. | സെ. സേവ്യർ | 3.15 pm | പുളിക്കൻ സണ്ണി ഭാര്യ അമ്മിണി |
| 18. | സെ. ആന്റണീസ് | 4.00 pm | പെരിങ്ങായി ഔസേപ്പ് ആന്റോ, എം. ടി. നഗർ |
| **നാലാം ഞായർ 26 – 11 – 2023** | | | |
| 19. | സെ. ജോർജ് | 2.00 pm | വടക്കേത്തല ബാബു, മേനാച്ചേരി നഗർ |
| 20. | സെ. റാഫേൽ | 2.45 pm | വില്ല്യംസ് വി. എസ്., വെള്ളാത്ത് ഹൗസ്, നം. 12, ഐശ്വര്യ നഗർ |
| 21. | സെ. ജൂഡ് | 3.30 pm | പന്തളത്ത് ജോണി ക്രിസ്റ്റഫർ, അപ്സര ഗാർഡൻ |
| 22. | ആവേ മരിയ | 4.15 pm | ബ്രഹ്മകുളം ജെയിംസ് ലിസി, നസ്രത്ത് അങ്ങാടി |
| 23. | ഡോൺബോസ്ക്കോ | 2.00 pm | കണ്ണത്ത് റോസി ജേക്കബ്ബ് |
| 24. | മേരിമാത | 2.45 pm | എലുവത്തിങ്കൽ മുട്ടിക്കൽ ലിജി രാജൻ |
| 25. | ലൂർദ് മാത | 3.30 pm | ചിറയത്ത് മംഗലത്തുപറമ്പിൽ ബാബു, ഗിൽഗാൽ സ്ട്രീറ്റ് |
| 26. | ഹോളി ഫാമിലി | 4.15 pm | എലുവത്തിങ്കൽ എൽസി വാറപ്പൻ, സ്വരാജ് നഗർ |


## ഓർമദിനങ്ങൾ | നവംബർ 2023

01 ബുധൻ – സകല വിശുദ്ധരുടെയും തിരുനാൾ
02 വ്യാഴം – സകല മരിച്ചവരുടെയും ഓർമ
03 വെള്ളി – മാസാദ്യവെള്ളി
04 ശനി – വി. സഖറിയ, വി. ഏലീശാ
21 ചൊവ്വ – മാർതോമാശ്ലീഹായുടെ ഭാരതപ്രവേശനം
26 ഞായർ – മിശിഹായുടെ രാജത്വതിരുനാൾ
30 വ്യാഴം – അന്ത്രയോസ് ശ്ലീഹ

**നവംബർ 2ന് മരിച്ചവരുടെ കുർബാനയും ഒപ്പീസും സിമിത്തേരി വെഞ്ചിരിപ്പും രാവിലെ 6.30ന് വൈകീട്ട് 5 മണിക്ക് കുർബ്ബാന**

**ഇടവക മദ്ധ്യസ്ഥനായ വി. സെബസ്ത്യാനോസിന്റെ 2024 ജനുവരിയിലെ തിരുനാളിന് മുന്നോടിയായി 9 വ്യാഴാഴ്ചകളിൽ വിശുദ്ധ കുർബാന, നൊവേന, ലദീഞ്ഞ് ഏറ്റെടുത്ത് നടത്തുന്നതിന് താല്പര്യമുള്ള വർ ഓഫീസുമായി ബന്ധപ്പെടുക.**

**കിഡ്സ് കോർണർ**



Migha Rose P. D., IX A




Agnes Sindo, IX B

ഇടവകയിലെ വേദപാഠം വിദ്യാർത്ഥികളിൽ നിന്നും കഥ, കവിത, ചിത്രരചന എന്നിവ ക്ഷണിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്നവ പ്രസിദ്ധീകരിക്കുന്നതാണ്.





# പ്രതിനിധിയോഗ തീരുമാനങ്ങൾ

## ഒക്ടോബർ

2023 ഒക്ടോബർ 08–ാം തീയതി രാവിലെ 7.30ന്റെ വി. കുർബാനയ്ക്കുശേഷം ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ പ്രതിനിധിയോഗം കൂടുകയുണ്ടായി. യോഗത്തിൽ 47 അംഗങ്ങൾ പങ്കെടുത്തു.

1. പ്രാർത്ഥനയോടുകൂടി ആരംഭിച്ച പ്രതിനിധി യോഗത്തിൽ മുൻകൈക്കാരൻ ശ്രീ. വർഗ്ഗീസ് വാകയിൽ സ്വാഗതം പറഞ്ഞു.
2. 2023 സെപ്റ്റംബർ മാസത്തിലെ റിപ്പോർട്ട്, വരവ് ചിലവ് കണക്ക്, പുവർ ഫണ്ട് അക്കൗണ്ട് ഓഡിറ്റ് റിപ്പോർട്ട് എന്നിവ വായിച്ച് പാസാക്കി.
3. ഇടവകയുടെ ജീവകാരുണ്യ പ്രസ്ഥാനമായ സാന്ത്വനം മുഖേന സെപ്റ്റംബർ മാസത്തിൽ 10,500/– രൂപയുടെ കാരുണ്യ പ്രവർത്തികൾ നടത്തിയതായി കൺവീനർ ശ്രീ. ഒ.ഡി. ജോസഫ് യോഗത്തെ അറിയിച്ചു.
4. ഇടവകയുടെ 2022–2023 വർഷത്തെ കൈക്കാരന്മാരായി സേവനമനുഷ്ഠിച്ച ശ്രീ. ഷാജു പാലത്തിങ്ങൽ, ശ്രീ. ജോർജ് വലിയവീട്ടിൽ, ശ്രീ. വിൽസൺ മുക്കുങ്കൽ, ശ്രീ. വർഗ്ഗീസ് വാകയിൽ എന്നിവർക്ക് അവരുടെ ആത്മാർത്ഥമായ സ്തുത്യർഹമായ സേവനത്തിന് വികാരിയച്ചൻ നന്ദി പറഞ്ഞു.
5. കൈക്കാരൻമാരുടെ പ്രതിനിധി ശ്രീ. ജോർജ് വലിയവീട്ടിൽ തങ്ങളെ സഹായിച്ച എല്ലാവർക്കും നന്ദി പറഞ്ഞു.
6. 2023–2024 വർഷത്തെ പുതിയകൈക്കാരൻമാരായ ശ്രീ. രാജൻ പല്ലൻ, ശ്രീ. ബിജു കോട്ടപ്പറമ്പിൽ, ശ്രീ. ജോൺസൻ അക്കര, ശ്രീ. ഫെല്ലർ വാഴപ്പിള്ളി എന്നിവരെ വികാരിയച്ചൻ പൂക്കൾ നൽകി സ്വീകരിച്ചു.
7. ഇടവകയുടെ 2022–2023 വർഷത്തെ ഇന്റേണൽ ഓഡിറ്റേഴ്സായി സേവനമനുഷ്ഠിച്ച ശ്രീ. ജെയിംസ് ചിരിയങ്കണ്ടത്ത്, ശ്രീ. ജേക്കബ് ചിറയത്ത് എന്നിവർക്ക് അവരുടെ സ്തുത്യർഹമായ സേവനത്തിന് വികാരിയച്ചൻ നന്ദി പറഞ്ഞു.
8. 2023–2024 വർഷത്തെ പുതിയ ഇന്റേണൽ ഓഡിറ്റേഴ്സായി ശ്രീ. ജെയിംസ് ചിരിയങ്കണ്ടത്ത്, ശ്രീ. ഷാജു പാലത്തിങ്കൽ എന്നിവരെ യോഗം തെരെഞ്ഞെടുത്തു.
9. ഒക്ടോബർ 19 മുതൽ 28 വരെ പള്ളിയിൽ വൈകിട്ട് 6 മണിക്ക് വി. കുർബാനയും ശേഷം ആരാധനയോടെ ആഘോഷമായ ജപമാലയർപ്പണം ഉണ്ടാകുമെന്നും 29 ന് ഞായറാഴ്ച തിരുനാൾ പ്രദക്ഷിണവീഥിയിലൂടെ ജപമാല പ്രദക്ഷിണം ഉണ്ടാകുമെന്നും വികാരിയച്ചൻ അറിയിച്ചു.
10. ഒക്ടോബർ 22 ന് 9:00 മണിയുടെ, മൂന്നാമത്തെ വി. കുർബാനക്ക് ശേഷം 2024 ലെ തിരുനാൾ പൊതുയോഗം സംഘടിപ്പിക്കാൻ യോഗം തീരുമാനിച്ചു.
11. മിഷ്യൻ ഞായർ കവർ ശേഖരിച്ചു യൂണിറ്റ് ഭാരവാഹികൾ ഒക്ടോബർ 29 ന് 7:30 ന്റെ വി. കുർബാനയിൽ കാഴ്ചയർപ്പിക്കണമെന്നു അച്ചൻ അറിയിച്ചു.
12. യോഗത്തിൽ കൈക്കാരൻ ശ്രീ. രാജൻ പല്ലൻ നന്ദി പറഞ്ഞു.
13. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**ഡോ. ലിഖിൻ സൈമൺ തൈക്കാട്ടിൽ**
(പ്രതിനിധിയോഗം സെക്രട്ടറി)

വചനവഴിയേ...

# ബൈബിൾ കലണ്ടർ

## 2023 നവംബർ

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
|  | | | **1**<br>1 കോറി 15/35-41<br>മത്താ 25/14-30 | **2**<br>ഹെബ്രാ 4/12-13<br>വ്യാഴം 9/46-48 | **3**<br>ഹെബ്രാ 10/11-18<br>മത്താ 16/5-12 | **4**<br>യൂദ 5-7<br>യോഹ 9/17-23 |
| **5**<br>1 കോറി 13/1-13<br>മത്താ 16/13-19 | **6**<br>യാക്കോ 3/6-12<br>ലൂക്ക 20/1-8 | **7**<br>ഹെബ്രാ 6/1-6<br>ലൂക്ക 21/1-4 | **8**<br>യാക്കോ 1/19-25<br>ലൂക്ക 8/26-39 | **9**<br>വെളി 3/8-13<br>മത്താ 9/35-38 | **10**<br>1 പത്രോ 1/13-20<br>ലൂക്ക 19/1-10 | **11**<br>ശ്ലീഹ 10/9-16<br>ലൂക്ക 5/1-11 |
| **12**<br>ഹെബ്രാ 8/1-6<br>മത്താ 12/1-13 | **13**<br>1കോറി 4/11-15<br>മത്താ 19/16-22 | **14**<br>1 കോറി 4/1-5<br>യോഹ 6/47-53 | **15**<br>2 കോറി 11/7-15<br>മാർക്കോ 10/28-30 | **16**<br>2 കോറി 11/16-21<br>ലൂക്കാ 10/8-16 | **17**<br>ഗലാ 4/12-20<br>യോഹ 14/1-7 | **18**<br>3 യോഹ 5-12<br>ലൂക്ക 22/24-30 |
| **19**<br>ഹെബ്രാ 9/5-15<br>യോഹ 2/13-22 | **20**<br>ഹെബ്രാ 13/9-16<br>ലൂക്ക 11/1-4 | **21**<br>യൂദ 17-25<br>ലൂക്ക 8/1-3 | **22**<br>കൊളോ 3/22-25<br>മത്താ 16/21-28 | **23**<br>വെളി 19/5-10<br>മത്താ 22/1-14 | **24**<br>വെളി 19/11-16<br>യോഹ 18/28-37 | **25**<br>വെളി 21/9-14<br>ലൂക്ക 9/10-17 |
| **26**<br>ഹെബ്രാ 9/16-28<br>മത്താ 22/41-46 | **27**<br>വെളി 4/1-11<br>മത്താ 6/19-21 | **28**<br>1 തെസ 4/1-8<br>മാർക്കോ 5/25-34 | **29**<br>ഹെബ്രാ 1/1-4<br>മാർക്കോ 12/18-27 | **30**<br>1 പത്രോ 1/3-7<br>യോഹ 17/12-19 | |  |

### പഴയനിയമ വായനകൾ

| | | |
|---|---|---|
| 5 | പുറ 40/17-29, 34-38 | ഏശ 6/1-8 |
| 12 | പുറ 40/1-16 | 1 രാജാ 8/22-29 |
| 19 | സംഖ്യ 9/15-18 | ഏശ 54/1-10 |
| 26 | 1 രാജാ 6/11-19 | എസെ 43/1-7 |